കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഊരകം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം 27/3396/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി 07.02.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് .(സെക്രട്ടറി മുഖേന)

ഊരകം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഊരകം ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഊരകം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

mac

നം. കെ.എസ്.എ.എം.പി.എം 27/3396/2016 തിയ്യതി:07.02.2017

<u>മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 07-07-2016 മുതൽ 04-12-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

-------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 05-12-2016 മുതൽ 19-12-2016 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി. ഷീബ ഇസഡ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ. മുഹമ്മദ് അലി എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് ഫാസിൽ ടി ടി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. മുഹമ്മദ് അസ്‌ലം പി കെ | 01.04.2015 മുതൽ 31.10.2015 വരെ |
| അഡ്മിനിസ്ട്രേറ്റീവ് ഭരണം<br>(കൃഷി ഓഫീസർ, ഐ.സി.ഡി.എസ്, സെക്രട്ടറി എന്നിവർ അടങ്ങിയ ഭരണ നിർവഹണ സമിതി) | 01.11.2015 മുതൽ 18.11.2015 വരെ |
| ശ്രീമതി. സഫ്റീന അഷ്റഫ് | 19.11.2015 മുതൽ 31.03.2016 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. ശംസുദ്ധീൻ സി കെ | 01.04.2015 മുതൽ 04.05.2015 വരെ |
| ശ്രീ. പ്രഭാകരൻ പി (അസി. സെക്രട്ടറി) ( ഇൻ ചാർജ്) | 05.05.2015 മുതൽ 03.06.2015 വരെ |
| ശ്രീ. ശംസുദ്ധീൻ സി കെ | 04.06.2015 മുതൽ 31.03.2016 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. പ്രഭാകരൻ പി | 01.04.2015 മുതൽ 31.03.2016 വരെ |
| അസി. എഞ്ചിനിയർ | ശ്രീ. സുൾഫീക്കർ എൻ | 01.04.2015 മുതൽ 17.06.2015 വരെ |
| | ശ്രീ. ഉദയകുമാർ | 18.06.2015 മുതൽ 10.08.2015 വരെ |
| | ശ്രീ. ശശിധരൻ നായർ | 11.08.2015 മുതൽ 31.03.2016 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. മനോജ് വി | 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ. ഷമീർ മുഹമ്മദ് | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. ബിന്ദു ബി പിള്ള | 01.04.2015 മുതൽ 10.04.2015 വരെ |
| | ഡോ. ജിംസി ജോസഫ് | 11.04.2015 മുതൽ 03.12.2015 വരെ |
| | ഡോ. അനീഷ് കുമാർ | 04.12.2015 മുതൽ 29.12.2015 വരെ |
| | ഡോ. കെ അബ്ദുള്ള | 30.12.2015മുതൽ 02.02.2016 വരെ |
| | ഡോ. ഷമീം | 03.02.2016 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ശാന്തി | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ശ്രീമതി. ഉഷാവത്ത് | 01.04.2015 മുതൽ 16.06.2016 വരെ |
| | ശ്രീമതി. ആശ കെ | 17.06.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ഹബീബത്ത് കെ എം | 01.04.2015 മുതൽ 25.02.2016 വരെ |
| | ഡോ. ഉഷാറാണി | 26.02.2016 മുതൽ 31.03.2016 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി. ജാൻസി സെബാസ്ററ്യൻ | 01.04.2015 മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ഹഫീസു റഹ്മാൻ | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | മൃഗ സംരക്ഷണ – ക്ഷീര വികസന മേഖലയിൽ പ്രോജക്ടുകൾ നടപ്പാക്കിയില്ല | 1-12 | |
| 13 | മാതൃകാ അംഗനവാടി - ഊരകം പഞ്ചായത്തിനൊരു പൊൻതൂവൽ | 1-13 | |
| | ഭാഗം II<br>1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14ാം വകുപ്പ് , കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1) 1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 12 | രശീതി ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2-1 | |
| 13 | ഡി ആന്റ് ഒ ലൈസൻസ് ലൈസൻസ് വിതരണം കാര്യക്ഷമമാക്കേണ്ടതാണ് | 2-2 | |
| 14 | മൊബൈൽ ടവറുകളിൽ നിന്ന് വസ്തു നികുതി ഈടാക്കേണ്ടതാണ് | 2-3 | |
| 15 | ഓഫീസ് കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകത | 2-4 | |
| 16 | വില്ലേജ് ഓഫീസിൽ നിന്ന് വസ്തു നികുതി ഡിമാന്റ് ചെയത് ഈടാക്കിയില്ല. | 2-5 | |
| 17 | റേഷൻ കടകൾ പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 2-6 | |
| 18 | പെർമിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ | 2-7 | |
| | ഭാഗം III<br>1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14ാം വകുപ്പ് , കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1) 1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |

| | | | |
|---|---|---|---|
| 23 | ആശ്രയ പദ്ധതി - പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല. | 3-1 | |
| 24 | ആയുർവേദ ഡിസ്പെൻസറിയിൽ ഒരേ ആവശ്യത്തിനായി രണ്ട് സ്റ്റോക്ക് രജിസ്റ്റർ ഉപയോഗിക്കുന്നു. | 3-2 | |
| 25 | റോഡ് പ്രവൃത്തികൾ അമിത കനത്തിൽ കോൺക്രീറ്റിംഗ് പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നു. | 3-3 | |
| 26 | ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തികൾ മാർഗരേഖ പാലിക്കുന്നില്ല. | 3-4 | |
| 27 | ഹോമിയോ മരുന്നുകൾ ലഭ്യമാകുന്നതിലെ കാലതാമസം തുടർനടപടി അനിവാര്യം | 3-5 | |
| 28 | കൺവീനർമാരിൽ നിന്ന് ആദായ നികുതി അടവാക്കിയില്ല | 3-6 | |
| 29 | അവസാന ബിൽ തുക നല്കിയപ്പോൾ കൺവീനറുടെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ചില്ല. | 3-7 | |
| 30 | എസ്.എസ്.എ പ്രോജക്ടിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉണ്ടാവുന്നില്ല; എസ്.എസ്.എ വിഹിതം ലക്ഷ്യം നിറവേറ്റുന്നില്ല. | 3-8 | |
| 31 | പരിരക്ഷ - പാലിയേറ്റീവ് കെയർ പദ്ധതി ഓൺലൈൻ സംവിധാനം ഐ.കെ.എം ലഭ്യമാക്കിയില്ല. | 3-9 | |
| 32 | മരുന്നുകൾ മുഴുവനായും ലഭ്യമായില്ല | 3-10 | |
| 33 | പരിരക്ഷ- പാലിയേറ്റീവ് കെയർ പദ്ധതി മാർഗരേഖ പാലിക്കേണ്ടതാണ്. | 3-11 | |
| 34 | ന്യൂട്രിമിക്സ് സാമ്പിളുകൾ ലാബ് പരിശോധന നടത്തിയിട്ടില്ല. | 3-12 | |
| 35 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാക്കിയില്ല. | 3-13 | |
| 36 | വീട്ടുപണി പൂർത്തിയാക്കിയില്ല. | 3-14 | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 38 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 39 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 41 | വായ്പ . വായ്പ തിരിച്ചടവ് | 4-4 | |
| 42 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 43 | ഓഡിറ്റ് റിക്കവറി | 4-6 | |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |
| 47 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 48 | Audit Certificate | 2 | |

| | | | |
|---|---|---|---|
| 49 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 | |
| 50 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 | |
| 51 | ബാലൻസ് ഷീറ്റ് | 5 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 ലെ ബജറ്റ് 26-03-2015 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31/07/2016 | 18/07/2016 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച്സർട്ടിഫിക്കറ്റ്നൽകിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 15-12-16 മുതൽ 16-12-16 വരെ | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

ഊരകം ഗ്രാമ പഞ്ചായത്തിന്റെ 2015-16 ലെ വാർഷികക്കണക്കുകളിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്.
1) സാംഖ്യ ആരംഭിക്കുന്നതിനു മുമ്പുള്ള ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. കുടിശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

3) Govt. and other dues payable - Refund of unutilised grants of prior period, Govt. and other dues payable - Others എന്നീ ശീർഷകങ്ങളിലുള്ള തുകകൾ (യഥാക്രമം 1,00,000 രൂപ , 3,43,085 രൂപ ) തിരിച്ചടച്ചിട്ടില്ല.

4) ലഭ്യത സംശയാസ്പദമായ വസ്തു നികുതിക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മുൻവർഷത്തെ തുക തന്നെയാണ് ചേർത്തിരിക്കുന്നത്.

5) വസ്തു നികുതി മുൻവർഷങ്ങളിലെ അധിക ഡിമാന്റ് കാരണം പിരിച്ചെടുത്ത തുകകൾ ക്രമീകരിക്കുന്നതിന് journal entry നടത്തിയിട്ടില്ല.

6) വസ്തു നികുതി കുടിശികയിൽ അധികം കിടക്കുന്ന തുകകൾ ക്രമീകരിക്കുന്നതിന് journal entry നടത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | 2015-16 |
|---|---|
| മുന്നിരിപ്പ് | 12472937.42 |
| വരവ് | 37013172 |
| ആകെ | 49486109.42 |
| ചെലവ് | 44889641 |
| നീക്കിയിരിപ്പ് | 4596468.42 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ചെലവ് ശതമാനം | സർക്കാർ തിരികെ എടുത്ത തുക | നീക്കി ബാക്കി (RP 40b പ്രകാരം) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്(പൊതു വിഭാഗം) | 3042810 | 9024677 | 12067487 | 10836181 | 89.8 | 1231306 | 0 |
| വികസന | 0 | 2634000 | 2634000 | 1505000 | 57.14 | 1129000 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഫണ്ട്(എസ്.സി.പി) | | | | | | | |
| വികസന ഫണ്ട്(ടി.സി.പി) | 0 | 31000 | 31000 | 31000 (തിരി ച്ചടവ്) | | | 0 |
| സംരക്ഷണ ഗ്രാന്റ് -റോഡ് | 591 | 7313000 | 7313591 | 7265976 | 99.35 | 47615 | 0 |
| സംരക്ഷണ ഗ്രാന്റ് -റോഡിതരം | 0 | 2509000 | 2509000 | 2432591 | 96.95 | 76409 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ | 0 | 3146968 | 3146968 | 3146968 | 100 | 0 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2621045 | 0 | 2621045 | 2610914 | 99.61 | 10131 | 0 |

## 1-6 പദ്ധതി അവലോകനം

A) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം | പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ |
|---|---|---|---|---|---|---|---|---|
| 2015-16 | 166 | 40725146 | 142 | 37197875 | 0 | 24 | 85.54 | ഇല്ല. |

B) നിർവഹണ ഉദ്യോഗസ്ഥൻ നടപ്പാക്കിയവ

| നിർവഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുകഭാഗികമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| സെക്രട്ടറി | 13 | 2802170 | 10 | 2621364 | 0 | 3 | 76.92 |
| അസി. സെക്രട്ടറി | 4 | 1362500 | 2 | 492500 | 0 | 2 | 50 |
| കൃഷി ഓഫീസർ | 7 | 1695040 | 7 | 1648581 | 0 | 0 | 100 |
| വി ഇ ഒ | 4 | 7565256 | 4 | 7264431 | 0 | 0 | 100 |
| അസി. എഞ്ചിനീയർ | 120 | 21251718 | 102 | 19711503 | | 18 | 85.83 |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 3 | 3216712 | 3 | 2850296 | 0 | 0 | 100 |
| ഹെഡ്മാസ്റ്റർ | 9 | 1758000 | 9 | 1690450 | 0 | 0 | 100 |
| മെഡിക്കൽ ഓഫീസർ | 4 | 723750 | 3 | 568750 | 0 | 1 | 75 |

| | | | | | | | |
|---|---|---|---|---|---|---|---|
| (പി.എച്ച്.സി) | | | | | | | |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 250000 | 1 | 250000 | 0 | 0 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 100000 | 1 | 100000 | 0 | 0 | 100 |
| വെറ്ററിനറി സർജൻ | 0 | 0 | 0 | 0 | 0 | 0 | 0 |

## 1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് വന്നിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+).(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4516521 | 4329917 | 186604 | (-)4 |
| നികുതിയേതര വരവുകൾ | 684368 | 776125 | 91757 | (+)13.4 |
| മറ്റുവരവുകൾ(ടെന്റർ ഫോറം, മറ്റ് ഫോറങ്ങൾ, ലേലം) | 5100 | 34243 | 29143 | (+)571 |
| ആകെ | 5205989 | 5140285 | 65704 | (-)1.26 |

## 1-8 സാമൂഹ്യ ക്ഷേമ പദ്ധതികളുടെ നിർവഹണത്തിലെ കാര്യപ്രാപ്തി

എ) ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്ക ളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 91080 | 55 |
| കർഷകതൊഴിലാളി പെൻഷൻ | 961800 | 188 |
| വിധവാപെൻഷൻ | 5395200 | 781 |
| വാർദ്ധക്യകാലപെൻഷൻ | 4573200 | 815 |
| വികലാംഗപെൻഷൻ | 1650100 | 253 |
| വിവാഹ ധനസഹായം (എസ്.സി) | 2,00,000 | 4 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 94400 | 12 |

ബി) തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2015-16 ൽ ലഭിച്ച അപേക്ഷകളുടെ എണ്ണം | തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസുണ്ടങ്കിൽ കാരണം |
|---|---|---|---|---|
| തൊഴിൽരഹിത വേതനം | 4 | 4 | 2 | |
| കർഷകതൊഴിലാളി പെൻഷൻ | 2 | 2 | 0 | |
| വിധവാപെൻഷൻ | 84 | 84 | 4 | |

| | | | | |
|---|---|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 264 | 264 | 8 | |
| വികലാംഗപെൻഷൻ | 25 | 25 | 6 | |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 5 | 5 | 0 | |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 0 | 0 | 0 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-12-2016ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 9298 ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

സർക്കാർ ഉത്തരവ് (അ) 177/2006 / ധന തിയ്യതി 12.04.2006 പ്രകാരം നിർവഹണോദ്യോഗസ്ഥർ TR7 A കാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവിരം രേഖപ്പെടുത്തണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി-IV) സൂക്ഷിക്കണം. കൂടാതെ സെക്രട്ടറിയും, നിർവഹണ ഉദ്യഗസ്ഥരും അനുബന്ധം ബി-V ൽ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ നിർവഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ ടി.ആർ 7 എ കാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല. ഐ.സി.ഡി.എസ് സൂപ്പർവൈസർ , വി ഇ ഒ , ഹെഡ്മിസ്ട്രസ്സ് , അസി.എഞ്ചിനീയർ , ആയുർവേദം മെഡിക്കൽ ഓഫീസർ , ഹോമിയോ മെഡിക്കൽ എന്നിവർ സബ്സിഡിയറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഹെഡ്മിസ്ട്രസ്സ് , അസി.എഞ്ചിനീയർ , ആയുർവേദം മെഡിക്കൽ ഓഫീസർ , ഹോമിയോ മെഡിക്കൽ ഓഫീസർ എന്നിവർ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2.മാസ്റ്റർ ഇംക്യുംബൻസി

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പേര്, കാലയളവ്, മേൽവിലാസം എന്നിവ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇംക്യുംബൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

3.ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിവരങ്ങൾ ഉൾകൊള്ളുന്ന രജിസ്റ്റർ

യതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.സ.ഉ(സാ.ധാ) നം.2465/2016/ തസ്വഭവ തിയ്യതി 17.08.2016 പ്രകാരം ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിവരങ്ങൾ ഉൾകൊള്ളുന്ന ഒരു രജിസ്റ്റർ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

4.ക്യാഷ് ചെസ്ററ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 26, പണം സൂക്ഷിക്കുന്നതിനെ കുറിച്ചാണ് പറയുന്നത് "രണ്ട് പൂട്ടുകളുള്ള ബലമുള്ള ക്യാഷ് ചെസ്റ്റിലായിരിക്കണം പഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് സൂക്ഷിക്കേണ്ടത് ". എന്നാൽ ക്യാഷ് ബാലൻസ് സൂക്ഷിക്കാൻ നിലവിൽ പഞ്ചായത്തിൽ സൗകര്യമില്ല. ക്യാഷ് ചെസ്റ്റ് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30-11-2016 | 2016 ഒക്ടോബർ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08-03-2010 മുതൽ 20-03-2010 വരെ | 2004-05 to 2008-09 | 24.04.2010 |

## 1-12 മൃഗ സംരക്ഷണ - ക്ഷീര വികസന മേഖലയിൽ പ്രോജക്ടുകൾ നടപ്പാക്കിയില്ല

2015-16 സാമ്പത്തിക വർഷത്തിൽ വിവിധ മേഖലകളിലായി 166 പ്രോജക്ടുകൾക്ക് അംഗീകാരം നേടിയതിൽ 142 എണ്ണവും നടപ്പിലാക്കി. ₹ 4,07,25,146 അടങ്കൽ തുകയിൽ 3,71,97,875 രൂപയും ചെലവഴിച്ചു. എന്നാൽ മൃഗ സംരക്ഷണ – ക്ഷീര വികസന മേഖലയിൽ പ്രോജക്ടുകളൊന്നും ആവിഷ്കരിച്ച് നടപ്പിലാക്കിയില്ല.

## 1-13 മാതൃകാ അംഗനവാടി - ഊരകം പഞ്ചായത്തിനൊരു പൊൻതൂവൽ

അംഗനവാടി എന്ന വാക്കിനർത്ഥം വീട്ടുമുറ്റത്തെ പരിപാലനം എന്നാണ്. കേന്ദ്രസർക്കാർ സമഗ്ര ശിശുവികസന പരിപാടിയുടെ ഭാഗമായി 1975 ഒക്ടോബർ 2ന് രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 106-ാം ജന്മദിനത്തിൽ കുഞ്ഞുങ്ങളുടെ പോഷകാഹാരക്കുറവും പട്ടിണിയും ഇല്ലാതാക്കാനായി തുടങ്ങിയതാണ് ഈ പദ്ധതി. അംഗനവാടികൾക്ക് സ്ഥലം , കെട്ടിടം , കുടിവെള്ളം , ഫർണിച്ചർ മറ്റ് ഭൗതിക സൗകര്യങ്ങൾ ഒരുക്കുക എന്നത് ഏതൊരു ഗ്രാമ പഞ്ചായത്തിന്റെയും അടിസ്ഥാന ചുമതലയിൽപെട്ട ഒന്നാണ്. പലപ്പോഴും കുരുന്നുകൾക്ക് വാടക കെട്ടിടങ്ങളിലും, സ്ട്രക്ച്ചറൽ സ്റ്റബിലിറ്റിയില്ലാത്ത കെട്ടിടങ്ങളിലും പോവേണ്ടി വരുന്ന നിർബന്ധിത സാഹചര്യമാണ് ഉണ്ടാവാറുള്ളത്. പഞ്ചായത്ത് വർഷം തോറും മരാമത്ത് പ്രവൃത്തികൾക്ക് വേണ്ടി കോടികൾ ചെലവഴിക്കുമ്പോളും അംഗനവാടികളുടെ നിർമാണത്തിനും നവീകരണത്തിനും വേണ്ടി നാമമാത്രമായ തുകയാണ് വകയിരുത്താറുള്ളത്. മിക്കവയും ഉദ്ദേശ്യ ലക്ഷ്യം പൂർത്തികരിക്കാതിരിക്കാതെ പാഴ്ച്ചെലവായി മാറുന്ന കാഴ്ചയാണണ്ടാവാറുള്ളത്. എന്നാൽ ഇതിൽ നിന്ന് വേറിട്ട കാഴ്ചയാണ് ഊരകം ഗ്രാമ പഞ്ചായത്തിൽ കാണാൻ സാധിച്ചത്. പഞ്ചായത്ത് അതിന്റെ ലഭ്യമായ സ്രോതസ്സുകൾ (എം.എൽ.എ യുടെ പ്രാദേശിക വികസന ഫണ്ട്, സാമൂഹ്യ നീതി വകുപ്പ് ഫണ്ട്) ഉപയോഗിച്ച് നിർമിച്ച മാതൃകാ അംഗനവാടി കെട്ടിടം 2014-15 ലാണ് പൂർത്തീകരിച്ചത്. 2015-16 സാമ്പത്തിക വർഷത്തിൽ പ്രസ്തുത അംഗനവാടിക്ക് 450,000 രൂപ ചെലവഴിച്ച് (സംരക്ഷണ ഗ്രാന്റ്-റോഡിതരം) ചുറ്റുമതിൽ നിർമിച്ചു. ഈ പ്രവൃത്തി നേരിൽ കണ്ടു ബോദ്ധ്യപ്പെടുന്നതിന വേണ്ടി 15.12.2016 ന് അസി.എഞ്ചിനിയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം പ്രസ്തുത കെട്ടിടം സന്ദർശിച്ചു. ചുറ്റുമതിൽ വളരെ മനോഹരമായ രീതിയിൽ പണി കഴിപ്പിച്ചിട്ടുണ്ട്. "മാതൃകാ അംഗൻവാടി" എന്ന പേര് അന്വർത്ഥമാക്കും വിധം പ്രസ്തുത കെട്ടിടം മാതൃകാപരമാണ്. കുട്ടികൾക്ക് വേണ്ട കളി സ്ഥലങ്ങൾ, പഠന മുറികൾ , വിശ്രമിക്കാൻ ശീതീകരിച്ച വിശ്രമ മുറി, വൃത്തിയുള്ള അടുക്കള , കുടിവെള്ളം , ഇന്റർലോക്ക് ചെയ്ത മുറ്റം, ടൈല് പാകിയ തറകൾ , ശിശു സൗഹൃദ ടോയ്ലറ്റ്, ചുറ്റുമതിൽ, ഗെയിറ്റ് എന്നിവ മാതൃകാ അംഗനവാടിക്ക് മാറ്റു കൂട്ടുന്നു. ഈ ഉദ്യമത്തിന് മുന്നിട്ടിറങ്ങിയ ഭരണസമിതി-ഉദ്യോഗസ്ഥ കൂട്ടായ്മയെ ഓഡിറ്റ് പ്രത്യേകം അഭിനന്ദിക്കുന്നു. ഊരകം ഗ്രാമ പഞ്ചായത്തിന്റെ മാതൃകാ അംഗനവാടി കെട്ടിടം മറ്റുള്ള പഞ്ചായത്തുകൾക്ക് മാതൃകയാക്കാവുന്നതാണ്.എല്ലാ അംഗനവാടി കെട്ടിടങ്ങളും ഇതേരീതിയിൽ പരിപാലിക്കേണ്ടതാണ്.

** സ്ഥല പരിശോധനാ സമയത്ത് ശേഖരിച്ച ചിത്രങ്ങൾ







## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 രശീതി ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2011 ലെ കേരള പഞ്ചായത്തിരാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 83 പ്രകാരം ഓരോ രസീത് ബുക്കിലുള്ള പേജുകളുടെ എണ്ണം സംബന്ധിച്ച സാക്ഷ്യപത്രം ഓരോ ബുക്കിലും രേഖപ്പെടുത്തി സെക്രട്ടറിയോ, അക്കൗണ്ടന്റോ ഇക്കാര്യത്തിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഒപ്പുവെക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ രസീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ രസീതി ബുക്ക് (നമ്പർ 19404,19407, 19408) -കളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. രസീതു ബുക്കുകളുടെ കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധ പുലർത്തേണ്ടതാണ്

ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് കുറവ് വന്ന തുക അടവാക്കി

ശ്രീ. സുനിൽകുമാർ എന്നിവരുടെ പേരിലുള്ള ഔട്ട് ഡോർ കളക്ഷൻ രജിസ്റ്റർ പ്രകാരം 17.08.2016 തീയ്യതിയിൽ ₹ 12263 രൂപ വരവുണ്ട്. എന്നാൽ പ്രസ്തുത തുക സാംഖ്യ രസീതി മുഖേന അടവാക്കിയപ്പോൾ 11,438 രൂപ മാത്രമേ വന്നിട്ടുള്ളൂ. ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് കുറവ് വന്ന തുക ₹ 825 ഓഡിറ്റ് തിയ്യതിയിൽ (17.12.2016 ന്) 11601102920 രസീതി മുഖേന അടവാക്കി. മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ഔട്ട് ഡോർ കളക്ഷനുകൾ യഥാക്രമം അടവാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

### 2-2 ഡി&ഒ ലൈസൻസ് - ലൈസൻസ് വിതരണം കാര്യക്ഷമമാക്കേണ്ടതാണ്.

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു (വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II,III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10). 2015-16 ൽ ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ ഭൂരിപക്ഷവും നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. ഇത് സെക്ഷൻ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് വന്ന

ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മാത്രവുമല്ല പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധ്യമല്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നതുമൂലം അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്ന സാഹചര്യം ഉടലെടുക്കുകയും നിയമപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുന്നതിനു കാരണമാകുകയും ചെയ്യുന്നു.

പുതുക്കി നൽകുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തേണ്ടതും അന്വേഷണ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥല പരിശോധന നടത്താതെ ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അതു പോലെ അനധികൃതമായി ഒന്നും വിൽപന നടത്തുന്നില്ലാ എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണന്ന് ഉറപ്പുവരുത്താൻ സാധിക്കാതെ വരുന്നു. നിലവിൽ ഇപ്രകാരമുള്ള നടപടികളിൽ വീഴ്ചയുണ്ടാകുന്നു. സ്ഥലപരിശോധന നടത്തുന്നതിലൂടെ പഞ്ചായത്തിന്റെ ഇടപെടൽ ഈ രംഗത്ത് ഉണ്ടെന്ന് ഉറപ്പു വരുത്താനും ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു.

<u>ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല</u>

1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.

വർഷത്തിലുട നീളം ലൈസൻസ് പുതുക്കി കൊടുക്കുക വഴി സെക്ഷന് ജോലി ഭാരം വർദ്ധിക്കുകയും സമയ നഷ്ടവും ഉണ്ടാവുകയും ചെയ്യുന്നു. ഇതിനു പകരം ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ച് (ഫെബ്രുവരി മാസത്തിൽ) ലൈസൻസ് പുതുക്കുന്ന സമ്പ്രദായം നിലവിൽ വരേണ്ടതാണ്. ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനു വേണ്ടി അടിയന്തിരമായി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 <u>മൊബൈൽ ടവറുകളിൽ നിന്ന് വസ്തു നികുതി ഈടാക്കേണ്ടതാണ്</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 19.10.2014-ലെ 40395/RC2/2014/LSGD നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്ത് അനധികൃതമായി മൊബൈൽ ടവറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നഗരസഭകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയതായും, വിജിലൻസിന്റെ കണ്ടെത്തലിന്റെ വെളിച്ചത്തിൽ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള മുഴുവൻ മൊബൈൽ ടവറുകളെയും കണ്ടെത്തുന്നതിന് ഒരു 'സ്പെഷ്യൽ ഡ്രൈവ്" നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി, തദ്ദേശ ഭരണ സ്ഥാപനത്തിന് ലഭിക്കാനുള്ള പെർമിറ്റ് ഫീസ് / വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും കർശന നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി നിർണയിച്ച് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13 – 15/12/2016) തുടർനടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു.

## 2-4 <u>ഓഫീസ് കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചതിലെ അപാകത</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപചാർജ്ജും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ഗണത്തിലുൾപ്പെടുന്നില്ല. ഓഫീസ് കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് നിജപ്പെടുത്താൻ ചട്ടത്തിലോ, സർക്കാർ ഉത്തരവിലോ വ്യവസ്ഥയില്ല. എന്നാൽ 27.04.2015 ലെ സ.ഉ(എം.എസ്)നം.144/15/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം വസ്തുനികുതി പുനർ നിർണ്ണയിക്കുമ്പോൾ വാണിജ്യ, വ്യവസായ വിഭാഗത്തിലുള്ള കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് മാത്രമാണ് 100 ശതമാനത്തിൽ അധികരിക്കാൻ പാടില്ല എന്ന് ഉത്തരവായിട്ടുള്ളത്. ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി വർദ്ധനവ് 150 ശതമാനമായി നിജപ്പെടുത്തി അനർഹമായി ഇളവ് നൽകി നികുതി നിർണ്ണയിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വാർഡ് / | കെട്ടിട ഉടമ | പഴയ നികുതി | 2011ലെ ചട്ട പ്രകാരം പുനർ നിർണ്ണയിച്ച | അനർഹമായി പരിമിതപ്പെടുത്തി | വസ്തു നികുതി പരിമിതപ്പെടുത്തിയതിനാലുണ്ടായ |
|---|---|---|---|---|---|---|

| | കെട്ടിട നം | | | കെട്ടിടത്തിന്റെ അടിസ്ഥാന വാർഷിക വസ്തു നികുതി +ഗ്രന്ഥ ശാല വരി (5%)+സേവന ഉപ നികുതി (3%) =ആകെ | നിശ്ചയിച്ച വാർഷിക വസ്തു നികുതി (പഴയ നികുതി + 150 % വർദ്ധനവ്) +ഗ്രന്ഥ ശാല വരി (5%)+സേവന ഉപ നികുതി (3%)=ആകെ | നഷ്ടം |
|---|---|---|---|---|---|---|
| 1 | 1/120 | ശ്രീ. മാളിയേക്കൽ കുഞ്ഞി മുഹമ്മദ് | 244 | 11880+594+357=12831 | 610+31+19 = 660 | 12171 |
| 2 | 1/121 | സബ് ഡിവിഷൻ എഞ്ചിനീയർ, ടെലഫോൺ എക്സ്ചെയിഞ്ച് | 973 | 13860+693+416=14969 | 2433+122+73 = 2628 | 12341 |
| 3 | 1/190 a | ശ്രീ.ചെവിടിക്കുന്നൻ അലവിക്കുട്ടി | 82 | 908+46+28 = 982 | 205+11+7 = 223 | 759 |
| 4 | 5/321 | ശ്രീ.കെ പി അബ്ദുള്ള കുട്ടി ഹാജി | 49 | 11760+588+353=12701 | 123+7+4 = 134 | 12567 |
| 5 | 10/263 | ശ്രീ. മുഹമ്മദ് ഇഖ്ബാൽ / ശ്രീമതി സൈഫുന്നീസ നസീമ | 648 | 2200+110+66 = 2376 | 1539+77+47 = 1663 | 713 |
| 6 | 12/133 | സെക്രട്ടറി, കോട്ടുമല ശാഖ മുസ്ലിം ലീഗ് കമ്മിറ്റി | 130 | 3047+153+92 = 3292 | 325+17+10 = 352 | 2940 |
| 7 | 12/139 | പ്രസിഡന്റ് , സെക്രട്ടറി എസ്.വൈ.എസ് കമ്മിറ്റി | 82 | 5000+250+150 = 5400 | 205+11+7 = 223 | 5177 |
| 8 | 16/276 | സമസ്ത കേരള യൂണിയൻ സെക്രട്ടറി | 65 | 2250+113+68 = 2431 | 163+9+5 = 177 | 2254 |
| 9 | 17/244 | ശ്രീമതി. പറങ്ങോടത്ത് കുഞ്ഞിപ്പാത്തുമ്മ | 1458 | 9675+484+291= 10450 | 3645+183+110 = 3938 | 6512 |
| ആകെ | | | | | | ₹ 55,434 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 14– 17/12/2016 )

വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഡാറ്റകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ നൽകുക എന്ന ജോലിയാണ് പഞ്ചായത്ത് നിർവഹിച്ചിട്ടുള്ളത് എന്നും ഓഫീസ് കെട്ടിടങ്ങൾക്ക് വർദ്ധനവ് നിജപ്പെടുത്തുന്നതിന് യാതൊരു വിധ എൻട്രികളും സോഫ്റ്റ്‌വെയറിൽ നൽകിയിട്ടില്ലാത്തതിനാൽ സോഫ്റ്റ്‌വെയർ അപാകത പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ് എന്നും സെക്രട്ടറി അറിയിച്ചു.

ഓഫീസ് കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് നിജപ്പെടുത്താൻ ചട്ടത്തിലോ, സർക്കാർ ഉത്തരവിലോ വ്യവസ്ഥയില്ലാത്തതിനാൽ ഫീൽഡ് പരിശോധനക്ക് ശേഷം നിലവിൽ ഓഫീസായി പ്രവർത്തിക്കുന്ന കെട്ടിടങ്ങളെ സ.ഉ (കൈ) 210/2013 തസ്വഭവ.തിയ്യതി 04.06.2013 പ്രകാരം പുതിയ നികുതിദായകർക്ക് 14.01.2011 മുതലും നിലവിലുള്ള നികുതിദായർക്ക്

(വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർക്ക്) 01.04.2013 മുതലും തറവിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ ഭരണ സമിതി അംഗീകരിച്ച നിരക്കിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഡിമാന്റ് ക്രമീകരിക്കേണ്ടതുമാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ തെറ്റായ ബെയ്സിക് ഡാറ്റാ എൻട്രി നടത്തി നിലവിൽ പഞ്ചായത്തിന് പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വ്യാപാര / വ്യവസായ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് / സ്ഥാപന തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ പഞ്ചായത്തിന് വരുമാനം ലഭിക്കുന്നുണ്ടെങ്കിൽ അത്തരം കെട്ടിടങ്ങളെ വാണിജ്യ/വ്യവസായ കെട്ടിടങ്ങളായി പരിഗണിക്കാവുന്നതാണ്.

## 2-5 വില്ലേജ് ഓഫീസിൽ നിന്ന് വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന (ഊരകംകീഴ്മുറി) വില്ലേജ് ഓഫീസിൽ നിന്നും വസ്തു നികുതി നിർണയിച്ചിട്ടുണ്ടെങ്കിലും നാളിതു വരെ വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207 എച്ച് പ്രകാരം ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വക കെട്ടിടങ്ങളും, സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വിട്ടു കൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിടങ്ങൾക്കും മാത്രമേ നികുതി ഇളവ് അനുവദിച്ചിട്ടുള്ളൂ. വസ്തു നികുതി നിർണയ വിവരങ്ങൾ അടങ്ങിയ ഫോം 6 പ്രകാരം പ്രസ്തുത കെട്ടിടത്തിന് 20 വർഷം കാലപ്പഴക്കം ഉണ്ട്. ഓഫീസ് കെട്ടിടത്തിന്റെ ആകെ തറവിസ്തീർണം 40.24 ച.മീറ്ററാണ്. അടിസ്ഥാന വസ്തു നികുതി 50 രൂപ നിരക്കൽ ഇളവ്/വർദ്ധനവ് എന്നിവക്ക് ശേഷം വാർഷിക വസ്തു നികുതി നിശ്ചയിച്ചിരിക്കുന്നത് 2012 രൂപയാണ്.

| | |
|---|---|
| വാർഷിക വസ്തു നികുതി | 2012 |
| ഗ്രന്ഥ ശാല വരി (5 %) | 101 |
| സേവന ഉപനികുതി - ജലവിതരണം (3%) | 61 |
| സർചാർജ് | - |
| ആകെ | 2174 |

കേരളപഞ്ചായത്ത് രാജ് ആക്ട് 1994, സെക്ഷൻ 243 പ്രകാരം പഞ്ചായത്തിനു കിട്ടാനുള്ള ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ മൂന്നു വർഷത്തിനുള്ളിൽ ഈടാക്കാത്തതിനാൽ കാലഹരണപ്പെട്ടുപോകും എന്ന് വ്യക്തമാക്കുന്നു.ഇത് സംബന്ധിച്ച് നൽകിയ (ഓഡിറ്റ് എൻക്വയറി നമ്പർ 15– 17/12/2016) പഞ്ചായത്തിലെ 4-ാം വാർഡിൽ (കരിമ്പിലി) 314ാം കെട്ടിട നമ്പറിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസിൽ നിന്നും വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചു.

## 2-6 റേഷൻ കടകൾ പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചാത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാൻ നാളിതുവരെ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. ബന്ധപ്പെട്ട രജിസ്റ്ററുകളിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല.

റേഷൻ കടകൾ

| ക്രമ നമ്പർ | പ്രവർത്തിക്കുന്ന സ്ഥലം | റിമാർക്ക്സ് |
|---|---|---|
| 1 | പഞ്ചായത്ത് പടി | |
| 2 | ഒ.കെ.എം നഗർ | |
| 3 | തങ്ങൾപടി | |
| 4 | കുറ്റാളൂർ - 1 | |
| 5 | കുറ്റാളൂർ - 2 | |
| 6 | വെങ്കുളം | |
| 7 | പൂളാപ്പീസ് | |
| 8 | കാരാത്തോട് | |

1996 ജനുവരിയിലെ ഹൈക്കോടതി ഉത്തരവിൽ റേഷൻകടകളിൽ നിന്നും D &O ലൈസൻസ് ഫീസ് (തൊഴിൽ

നികുതി,സ്ഥാപന നികുതി എന്നിവയെപറ്റി പരാമർശമില്ല) ഈടാക്കുന്നതിന് കേരളാ പഞ്ചായത്ത് രാജ് ആക്ടിൽ പ്രൊവിഷൻ ഇല്ല എന്നാണുണ്ടായിരുന്നത്. എന്നാൽ ടി ഉത്തരവ് 1996 ലെ പഞ്ചായത്ത് രാജ് ചട്ടം നിലവിൽ വരുന്നതിന് മുമ്പുള്ള ഉത്തരവായതിനാൽ റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കാവുന്നതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 16– 17.12.2016) തുടർ നടപടി സ്വീകരിക്കാമെന്നറിയിച്ചു.

## 2-7 പെർമിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

ബിൽഡിംഗ് ലൈസൻസിനുള്ള അപേക്ഷ ഫ്രണ്ട് ഓഫീസിൽ ലഭിച്ചത് മുതൽ അതിന്റെ നമ്പറിംഗ് വരെയുള്ള കാര്യങ്ങൾ (തീയതി ഉൾപ്പെടെ) രേഖപ്പെടുത്തി സൂക്ഷിക്കേണ്ടത് പെർമിറ്റ് രജിസ്റ്ററിലാണ്. എന്നാൽ പഞ്ചായത്തിൽ സെക്ഷൻ സൂക്ഷിക്കുന്ന പെർമിറ്റ് രജിസ്റ്റർ അപൂർണമാണ്. മാസം തോറും നടന്നു വരുന്ന പെർഫോർമൻസ് ഓഡിറ്റ് ടീം ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതും ഫയലിന്റെ മൂവ്മെന്റ് രജിസ്റ്ററിൽ അതാത് സമയം തന്നെ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1. പെർമിറ്റ് രജിസ്റ്ററിൽ തറവിസ്തീർണ്ണാനുപാതവും(FAR) ,വ്യാപ്തിയും (Coverage)രേഖപ്പെടുത്തിയിട്ടില്ല. ആയത് (കോളം നമ്പർ 7) രേഖപ്പെടുത്തേണ്ടതാണ്.

2. രജിസ്റ്ററിൽ Application Fee, Permit Fee (കോളം നമ്പർ 8) എന്നിവ അതാത് കോളത്തിൽ തന്നെ രസീതി നമ്പറടക്കം രേഖപ്പെടുത്തേണ്ടതാണ്

3. എൽ എസ് ജി ഡി എഞ്ചിനിയർ സെക്ഷന് പെർമിറ്റ് ഫയൽ കൈമാറുമ്പോഴും ,തിരിച്ച് ലഭിക്കുമ്പോളും അതാത് കോളത്തിൽ (9,10,11) ഒപ്പോട്ടു കൂടി തീയതി രേഖപ്പെടുത്തേണ്ടതാണ്. 7 ദിവസത്തിനുള്ളിൽ ഫയൽ തിരികെ സെക്ഷന് ലഭ്യമാക്കേണ്ടതാണ്

4. ക്രമവൽകൃത കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതില്ല . ആയത് അനുബന്ധം - J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ (റഗുലൈസേഷൻ രജിസ്റ്റർ) ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

5. പൂർത്തീകരണ തീയതിയും(കോളം നമ്പർ 16) നമ്പറിംഗ് നൽകിയതിന്റെ വിശദാംശങ്ങളും (കോളം നമ്പർ 19,20) രേഖപ്പെടുത്തേണ്ടതാണ്.

6. പെർമിറ്റ് നിരസിച്ചിട്ടുണ്ടങ്കിൽ ആയതിന്റെ കാരണം(കോളം നമ്പർ 22) രേഖപ്പെടുത്തേണ്ടതാണ്.

7. സെക്രട്ടറി പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയത് മൊത്തത്തിൽ നിരീക്ഷിക്കേണ്ടതും ആയത് (കോളം നമ്പർ 21) ഇനീഷ്യൽ ചെയ്യേണ്ടതുമാണ്.

8.പെർമിറ്റ് രജിസ്റ്ററിന്റെ വാർഷിക സംഗ്രഹം സെക്ഷൻ തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
9. ബിൽഡിംഗ് പെർമിറ്റിന് ലഭിക്കുന്ന അപേക്ഷകൾ സങ്കേതം സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡിജിറ്റലൈസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് 2011 ലെ കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 22(7) f അനുസരിച്ച് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 271 B (3) വകുപ്പ് പ്രകാരം സെക്രട്ടറി നൽകിയിട്ടുള്ള പെർമിറ്റുകളുടെ വിശദാംശങ്ങൾ പഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്

അപാകതകൾ പരിഹരിച്ച് കുറ്റമറ്റ രീതിയിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആശ്രയ പദ്ധതി - പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല.

ആശ്രയപദ്ധതി 2004-07 ന് അംഗീകാരം ലഭിച്ചത് 20.02.2006ലാണ്. പദ്ധതികൾക്കായി ആകെ 36,29,000/- രൂപ വകയിരിത്തിയിരുന്നു.

| വർഷം | വികസന ഫണ്ട് | കുടുംബശ്രീ (ചലഞ്ച് ഫണ്ട്) | ആകെ |
|---|---|---|---|

| | | | |
|---|---|---|---|
| 2004-07 | 15,00,000 | 9,07,250 | 24,07,250 |
| ആകെ | 15,00,000 | 9,07,250 | 24,07,250 |

പ്രോജക്ടിലെ ചെലവ് വിവരം താഴെ പറയും പ്രകാരമാണ്.

| ക്ര ന | ആനുകൂല്യങ്ങൾ | തുക |
|---|---|---|
| 1 | ഭൂമി വാങ്ങൽ (7 പേർക്ക് 19,500 രൂപ വീതവും, ഒരാൾക്ക് 15,000) | 1,51,500 |
| 2 | വീട് നിർമാണം (35പേർക്ക് 35,000 രൂപ വീതവും രണ്ട് പേർക്ക് 20,000 മൂന്ന് പേർക്ക് 10,000) | 12,95,000 |
| 3 | വീട് പുനരുദ്ധാരണം (59 പേർക്ക് 10,000 6 പേർക്ക് 5000 രൂപ വീതവും ) | 6,20,000 |
| 7 | പദ്ധതി നിർവഹണം, മോണിറ്ററിംഗ് | 11100 |
| | ആകെ | 20,77,600 |

കുടുംബശ്രീയുടെ ചലഞ്ച് ഫണ്ട് 9,07,250 രൂപ 19.05.2005 ന് ലഭിച്ചതിൽ 2004-07 വരെ 6,21,292 രൂപയാണ് ചെലവഴിച്ചത്. പ്രോജക്ട് പ്രകാരം 121 ഗുണഭോക്താക്കൾ ഉണ്ടെങ്കിലും വീട് വെക്കാൻ സ്ഥലം ആവശ്യമുള്ള 12 പേരിൽ നിന്ന് 8 പേർക്കാണ് സ്ഥലം വാങ്ങി നൽകിയത് വീട് ആവശ്യമുള്ള 53 പേരിൽ നിന്നും 40 പേർക്കാണ് നടത്തിയത്. അതായത് പ്രൊജക്ട് പ്രകാരമുള്ള വിദ്യാഭ്യാസം, മരുന്ന് ,വസ്ത്രം,ഭക്ഷണം എന്നിവക്ക് തുക വകയിരുത്തിയിട്ടില്ല.

രണ്ടാം ഘട്ടം പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. 2015-16 ൽ അസി.സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ആശ്രയ പദ്ധതിക്ക് വേണ്ടി പഞ്ചായത്ത് വിഹിതം പ്രോജക്ട് നമ്പർ S0177/16 പ്രകാരം തനത് ഫണ്ടിൽ നിന്ന് 1,10,000 രൂപ വകയിരുത്തി എങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല.

ആശ്രയ പദ്ധതി പ്രകാരം വീടു നിർമിച്ചു നൽകുകയാണ് വേണ്ടത് , എന്നാൽ വീടു നിർമാണത്തിനായി ധനസഹായം ഗഡുക്കളായി നൽകുകയാണ് ചെയ്തത്. നിരാലംബരായവർക്ക് സഹായം നൽകാനുള്ള പദ്ധതി ശരിയായ രീതിയിൽ നടന്നിട്ടില്ല എന്ന് 3 വർഷത്തെ പഞ്ചായത്തിന്റെ പ്രവർത്തനത്തിൽ നിന്ന് ബോധ്യമായിട്ടുണ്ട്. ആശ്രയ പദ്ധതി വിഭാവനം ചെയ്ത ഗുണഫലങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും രണ്ടാം ഘട്ടം പദ്ധതി നടപ്പിലാക്കേണ്ടതുമാണ്.

## 3-2 ആയുർവേദ ഡിസ്പെൻസറിയിൽ ഒരേ ആവശ്യത്തിനായി രണ്ട് സ്റ്റോക്ക് രജിസ്റ്റർ ഉപയോഗിക്കുന്നു.

ഒരു സ്ഥാപനത്തിന് ഒരു സ്റ്റോക്ക് രജിസ്റ്റർ മാത്രം ഉപയോഗിച്ചാൽ മതി എന്നിരിക്കെ ആയുർവേദ ഡിസ്പെൻസറിയിൽ വകുപ്പ് മുഖേന ലഭിക്കുന്ന മരുന്നിന്റെ കണക്ക് സൂക്ഷിക്കാൻ ഒരു സ്റ്റോക്ക് രജിസ്റ്ററും പഞ്ചായത്തു വാങ്ങി നൽകുന്ന മരുന്നിന് മറ്റൊരു സ്റ്റോക്ക് രജിസ്റ്ററും ഉപയോഗിക്കുന്നു. ആയത് ശരിയായ പ്രവണതയല്ല. ഒരു സ്ഥാപനത്തിന് ഒരു സ്റ്റോക്ക് രജിസ്റ്റർ എന്നത് മതി എന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു. 250,000/- രൂപക്ക് ഔഷധിയിൽ നിന്ന് മരുന്നു വാങ്ങിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി 2/05.12.2016 വിശദീകരണം തേടിയിരുന്നു)

## 3-3 റോഡ് പ്രവൃത്തികൾ അമിത കനത്തിൽ കോൺക്രീറ്റിംഗ് പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നു.

2015-16 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ ആകെ നടപ്പിലാക്കിയ 75 റോഡ് പ്രവൃത്തികളിൽ 34 എണ്ണം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ്. 20 CM കനത്തിൽ ക്വാറിമക്ക് , 10 CM കനത്തിൽ 1:4:8 കോൺക്രീറ്റ്, 10 CM കനത്തിൽ 1:2:4 കോൺക്രീറ്റ് എന്നീ ഇനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് 28.09.2015 ലെ ചീഫ് എഞ്ചിനീയറുടെ ഡി ബി 4 -9099/2015 സി ഇ ത.സ്വ.ഭ.വ കത്തിന് വിരുദ്ധമായിട്ടാണ് അമിത കനത്തിൽ റോഡ് കോൺക്രീറ്റ് ചെയ്തത്. നടപ്പാതകളുടെ പ്രാധാന്യം പരിഗണിച്ച് സി സി 1:4:8 10 CM കനത്തിൽ ചെയ്യുന്നതിനു മുകളിൽ 3 M ൽ താഴെ വീതിയുള്ളവക്ക് 1:2:4 കോൺക്രീറ്റ് 5 CM കനത്തിലും 3 മീറ്ററും അതിൽ കൂടുതൽ വീതിയുള്ള റോഡ്കൾക്ക് 7 ½ CM കനത്തിലും ചെയ്യാവുന്നതാണ്. അമിത കനത്തിലെ കോൺക്രീറ്റിംഗ് പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുന്നതിനാൽ ചീഫ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരം കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്യേണ്ടതാണ്. ചില ഉദാഹരണങ്ങൾ താഴെ പറയുന്നു.

| ക്ര ന | പ്രവൃത്തിയുടെ വിവരം | പ്രവൃത്തിയുടെ ഇനവും ചെലവും |
|---|---|---|

| | | | | |
|---|---|---|---|---|
| | | ഇനം 1<br>(ആദ്യ ഘട്ടം)<br>ക്വാറി മക്ക് നിരത്തൽ $M^3$ (1037.5/$M^3$) | ഇനം 2<br>(രണ്ടാം ഘട്ടം)<br>1:4:8 40 MM ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്യൽ ($M^3$)<br>item code 4.1.8<br>4880.10 $M^3$ | ഇനം 3<br>(മൂന്നാം ഘട്ടം)<br>1:2:4<br>20 MM ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്യൽ ($M^3$)<br>6534.43/ $M^3$<br>item code no 11.7 |
| | | 20 സെ.മീ കനത്തിൽ | 10 സെ.മീ കനത്തിൽ | 10 സെ.മീ കനത്തിൽ |
| 1 | വൗച്ചർ നമ്പർ 22/30.09.15<br>മാച്ചിൽ പള്ളി റോഡ് കോൺക്രീറ്റ്<br>പ്രൊജക്റ്റ് നമ്പർ S0113/16<br>അടങ്കൽ 150,000/- ലോക ബാങ്ക് ധന സഹായം<br>കൺവീനർ - ശ്രീ. വി.കെ അമീറലി<br>എം ബുക്ക് നമ്പർ - 11/15-16<br>TS No 30/2015-16 വേങ്ങര 04.06.2015 ₹ 150,000/- | 1037.5 $M^3$<br>17.93 $M^3$ | 4880.10 $M^3$<br>12.70 $M^3$ | 9.45 $M^3$<br>6534.43 $M^3$ |
| 2 | വൗച്ചർ നമ്പർ 26/30.09.15<br>കാപ്പിൽ കുണ്ട് റോഡ് കോൺക്രീറ്റ്<br>പ്രൊജക്റ്റ് നമ്പർ S0117/16<br>അടങ്കൽ 200,000/- ലോക ബാങ്ക് ധന സഹായം<br>കൺവീനർ - ശ്രീ. കെ പി അബ്ദുള്ള കുട്ടി<br>എം ബുക്ക് നമ്പർ - 26/15-16<br>TS No 29/2015-16 വേങ്ങര 04.06.2015 ₹ | 1037.50 $M^3$<br>21.63 $M^3$ | 4880.10 $M^3$<br>14.71 $M^3$ | 6534.43 $M^3$<br>14.39 $M^3$ |

| | | | | |
|---|---|---|---|---|
| | 200,000/- | | | |
| 3 | വൗച്ചർ നമ്പർ 25/30.09.15<br>പി പി ഫൈസി സ്മാരക റോഡ് കോൺക്രീറ്റിംഗ്<br>പ്രൊജക്ട് നമ്പർ S0172/16<br>അടങ്കൽ 450,000/- ലോക ബാങ്ക് ധന സഹായം<br>കൺവീനർ - ശ്രീ. അബ്ദുള്ള റഊഫ്<br>എം ബുക്ക് നമ്പർ - 7/15-16<br>TS No 33/2015-16 വേങ്ങര 04.06.2015 ₹ 450,000/- | $1037.5/M^3$<br>$52.95\ M^3$ | $4880.10/M^3$<br>$40.41\ M^3$ | $6534.43\ M^3$<br>$26.57\ M^3$ |
| 4 | വൗച്ചർ നമ്പർ 57/30.09.15<br>നെട്ടുപറമ്പ് കോളനി റോഡ് കോൺക്രീറ്റ്<br>പ്രൊജക്ട് നമ്പർ S095/16<br>ബഹു വർഷം<br>അടങ്കൽ<br>2014-15 തനത് - 65000<br>സംരക്ഷണ ഗ്രാന്റ് - 100,000<br>2015-16<br>600,000/- ലോക ബാങ്ക് ധ.സ<br>ആകെ - 7,65,000<br>കൺവീനർ - ശ്രീ. ഫക്രുദ്ദീൻ<br>എം ബുക്ക് നമ്പർ - 77/15-16<br>TS No 680/2014-15 വേങ്ങര 28.02.2015 ₹ 700,000/- | $1037.5/M^3$<br>$74.08\ M^3$ | $4670.75\ /M^3$<br>$59.99\ M^3$ | $6181.2\ M^3$<br>$49.35\ M^3$ |

| | | | | |
|---|---|---|---|---|
| 5 | വൗച്ചർ നമ്പർ 70/10.02.16<br>കാരാപറമ്പ് റോഡ് കോൺക്രീറ്റ്<br>പ്രൊജക്ട് നമ്പർ S0152/16<br>300,000/- എസ്.സി.പി<br>കൺവീനർ - ശ്രീ. ഷിബു കെ<br>എം ബുക്ക് നമ്പർ - 44/15-16<br>TS No 211/2015-16 വേങ്ങര 11.08.2015 ₹ 300,000/- | 1037.5/$M^3$<br>32.38 $M^3$ | 4880.10 $M^3$<br>22.25 $M^3$ | 6534.45 $M^3$<br>22.25 $M^3$ |

മറ്റ് അപാകതകൾ

1. മൂന്നാം ഇനമായി ഒരു $M^3$ ന് 6534.43 രൂപ നൽകിയത് ഫ്ലോറിംഗ് (CPWD itemcode 11.7) അംഗീകൃത നിരക്കാണ്. കോൺക്രീറ്റ് പ്രവൃത്തിക്ക് (CPWD itemcode 4.1.3 പ്രകാരമുള്ള നിരക്ക്) ഒരു $M^3$ ന് 6202.10 രൂപയാണ് നൽകേണ്ടത്. അനവദനീയമായ അളവിൽ കോൺക്രീറ്റ് ചെയ്യേണ്ടതും പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നത് ഒഴിവാക്കേണ്ടതുമാണ്.

2. റോളർ കടക്കാത്തയിടങ്ങളിലാണ് കോൺക്രീറ്റ് പ്രവൃത്തി ചെയ്യുന്നത് എന്നാണ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. 3 മീറ്റർ വീതിയുള്ള റോഡിൽ ഭാര വാഹനങ്ങൾ അധികമായി കടന്ന പോകാൻ സാദ്ധ്യതയില്ലാത്തതിനാൽ ഭാര വാഹനങ്ങൾ കടന്ന പോകുന്ന ടാർ റോഡിന് തന്നെ 17.5 cm കനമുണ്ടായിരിക്കെ അമിത കനത്തിൽ റോഡ് നിർമിച്ച് പഞ്ചായത്തിന് നഷ്ടം ഉണ്ടാക്കുന്നത് ഒഴിവാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 06/09.12.2016 പ്രകാരം എൻക്വയറിക്ക് ഹാജരാക്കിയ മറുപടിയിൽ ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചു )

## 3-4 <u>ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തികൾ മാർഗരേഖ പാലിക്കുന്നില്ല.</u>

ഗ്രാമപഞ്ചായത്ത് 2015-16 ൽ ഏറ്റെടുത്ത് നടത്തിയത് 103 പ്രവൃത്തികളാണ് അവയെല്ലാം തന്നെ ഗുണഭോക്തൃ സമിതി കൺവീനർമാരാണ് നിർവഹിച്ചിട്ടുള്ളത്. സംസ്ഥാന ആസൂത്രണ ബോർഡ് 1999 ൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗരേഖയിലും പൊതുമരാമത്ത് ചട്ടങ്ങളിലും നിർദ്ദേശിച്ച പ്രകാരമുള്ള നടപടി ക്രമങ്ങൾ ഒന്നുംതന്നെ ഗുണഭോക്തൃ സമിതി വഴി നിർവഹണം നടത്തിയ പ്രവൃത്തികൾ പാലിച്ചിട്ടില്ല. പൊതുമരാമത്ത് പ്രവൃത്തികൾ സുതാര്യമായിരിക്കണമെന്ന ഉദ്ദേശ്യത്തോടെയുള്ള മേൽ മാർഗരേഖ പാലിക്കാതെ പ്രവൃത്തികൾ നടത്തിയത് ക്രമത്തിലല്ല.

1. ഗുണഭോക്തൃ സമിതിയിൽ 15 അംഗങ്ങൾ ഉണ്ടായിരിക്കണമെന്നും 30 % സ്ത്രീകളായിക്കണമെന്നുമുള്ള നിർദ്ദേശം പാലിച്ചിട്ടില്ല.

2. പണമിടപാട് ബാങ്ക് അക്കൗണ്ട് വഴി നടത്തുന്നില്ല. കൺവീനറും ചെയർമാനും ചേർന്ന് സംയുക്ത ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടില്ല. അതുകൊണ്ട് തന്നെ വരവ് ചെലവുകൾ ബാങ്ക് അക്കൗണ്ട് വഴിയല്ല.

3.മസ്റ്റർ റോളിൽ പൂർണവിവരമില്ല, നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല

4. പ്രവൃത്തിക്കാവശ്യമായ നിർമാണ സാമഗ്രികൾ ഗുണനിലവാരവും വിലയും പരിശോധിച്ച് അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് ആവശ്യമെങ്കിൽ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങണം എന്നിരിക്കെ മണൽ , ക്വാറി മെറ്റൽ , എം സാന്റ് എന്നിവക്ക് വെള്ള പേപ്പറിലെ കൈപറ്റ രസീതികളാണ് ഹാജറാക്കിയത്. സിമന്റ് ,എം സാന്റ് എന്നിവക്ക് വാറ്റ് അടക്കമുള്ള ബില്ലില്ല. ടാർ വാങ്ങിയതിന്നും ബില്ല് ഹാജറാക്കിയില്ല.

5. വരവ് ചെലവ് കണക്ക പുസ്തകം സൂക്ഷിക്കുന്നില്ല.

6. മിനുട്ട്സ് ബുക്കിൽ 3 മീറ്റിംഗ് മാത്രം നടത്തിയ വിവരമാണ് ചേർത്തിരിക്കുന്നത്.

7. ദൈനംദിന ഡയറി സൂക്ഷിക്കുന്നില്ല

8. പൂർത്തീകരണ റിപ്പോർട്ടില്ല.

9. സംരക്ഷണ കമ്മിറ്റി രൂപീകരിച്ച് തുടർ നടത്തിപ്പ് കമ്മിറ്റിക്ക് കൈമാറുന്നില്ല.

നിർമാണ പ്രവൃത്തികളുടെ നടത്തിപ്പിൽ കരാർ മുഖേനയുള്ള പ്രവൃത്തികൾ പരമാവധി ഒഴിവാക്കി ജനപങ്കാളിത്തത്തോടെ സുതാര്യവും ഗുണനിലവാരം ഉയർന്നതും ചെലവു ചുരുങ്ങിയതുമായ മരാമത്ത് പ്രവൃത്തി ചെയ്യുന്നതിനാണ് സർക്കാർ ഗുണഭോക്തൃ സമിതി വഴിയുള്ള നിർവഹണം പ്രോത്സാഹിപ്പിക്കുന്നത്. എന്നാൽ ഇവയെല്ലാം പാടെ അവഗണിക്കുന്ന തരത്തിലാണ് പദ്ധതി നിർവഹണം നടത്തിയിട്ടുള്ളത്. അപാകതകളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പരിഹാരനടപടികൾ സ്വീകരിച്ച് കുറ്റമറ്റ രീതിയിൽ നിർവഹണം നടത്തേണ്ടതും തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. 2015 -16 സാമ്പത്തിക വർഷത്തിൽ 103 പ്രവൃത്തികൾ ഗ്രാമ പഞ്ചായത്തിന്റെ അസി.എഞ്ചിനിയറുടെ മേൽനോട്ടത്തിൽ ₹1,97,11,503 രൂപയാണ് കൺവീനർ മുഖേന ചെലവഴിച്ചത്. എന്നാൽ തീർത്തും സുതാര്യമല്ലാത്ത രീതിയിൽ സാധന സാമഗ്രികൾ വാങ്ങിയതിന് വൗച്ചറായി ഒരു വെള്ള പേപ്പറിൽ ഉള്ള കൈപ്പറ്റു രസീതികളാണ് ചെലവു രേഖയായി ഹാജരാക്കിയിട്ടുള്ളത്. ഓഡിറ്റ് ഇതിനെ സഗൗരവം വീക്ഷിക്കുന്നു . സുതാര്യമല്ലാത്ത രീതിയിൽ വൗച്ചറുകള് ഹാജരാക്കുകയാണങ്കിൽ ആയത് അസി.എഞ്ചിനീയരുടെ വ്യക്തിപരമായി ബാധ്യതയായി കണക്കാക്കുന്നതാണ്.

## 3-5 ഹോമിയോ മരുന്നുകൾ ലഭ്യമാകുന്നതിലെ കാലതാമസം തുടർനടപടി അനിവാര്യം

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ S0096/16 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ പദ്ധതിക്കായി മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ഫണ്ട് 100,000 രൂപ വകയിരുത്തിയിരുന്നു. മുൻകൂറായി 100,000 രൂപ ഹോംകോ മാനേജിംഗ് ഡയറക്ടർക്ക് ഡി ഡി നമ്പർ 510990/29.10.2015 പ്രകാരം കൈമാറിയെങ്കിലും കരാറുടമ്പടി വെച്ചിട്ടില്ല. മരുന്നുകൾ ഡിസ്പെൻസറിക്ക് 09.06.2016 ന് 7 മാസം വൈകിയാണ് ലഭിച്ചത്. മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും അവശ്യ മരുന്നുകൾ അകാരണമായി വൈകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ് . മുൻകൂർ തുക 3 മാസത്തിനുള്ളിൽ ക്രമീകരിക്കാത്ത പക്ഷം സ.ഉ (അ) 419/11 ധന തിയ്യതി 04.10.2011 പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്. സർക്കാറിന്റേയും ഭരണ സമിതിയുടേയും ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

2014-15 ഓഡിറ്റുമായി ബന്ധപ്പെട്ട് മരുന്നുകൾ വൈകി ലഭിക്കുന്നത് സംബന്ധിച്ചും കാരാറുടമ്പടി വെക്കാത്തത് സംബന്ധിച്ചും ഓഡിറ്റ് എൻക്വയറി നൽകിയത് ഹോംകോയെ അറിയിച്ചതിന് മറുപടിയായി ഹോംകോ മാനേജിംഗ് ഡയറക്ടർ 27.06.2016 ന് നല്കിയ മറുപടിയിൽ നിലവിലെ സാഹചര്യത്തിൽ കരാറ് ഒപ്പിട്ടു കൊണ്ട് ഓർഡറുകൾ ഏറ്റെടുക്കാൻ കഴിയില്ല എന്നറിയിച്ചതായി കാണുന്നു.

## 3-6 കൺവീനർമാരിൽ നിന്ന് ആദായ നികുതി ഈടാക്കുന്നില്ല.

വർക്ക് ബില്ലിൽ നിന്നും KCWWF 1 % നിരക്കിലും. വാറ്റ് 5% നിരക്കിൽ ഈടാക്കിയെങ്കിലും ആദായ നികുതി നിയമം, 1961 സെക്ഷൻ 194 (സി) പ്രകാരം വ്യക്തികളിൽ നിന്ന് ഈടാക്കേണ്ടതായ ആദായ നികുതി 1% നിരക്കിൽ ഈടാക്കിയില്ല. വിശദ വിവരം താഴെ

| ക്രം.ന | പ്രോജക്ട് | കൺവീനർ | മൂല്യനിർണയ തുക | ആദായ നികുതി<br>1 % വീതം |
|---|---|---|---|---|
| 1 | വൗച്ചർ നമ്പർ 1/15-16<br>11.08.2015<br>വെങ്കുളം മിൽ റോഡ് ടാറിംഗ്<br>(ബഹു വർഷം)<br>പ്രോജ. നമ്പർ-S028/2016 | ശ്രീ. ടി എച്ച് ഇസ്ഹാക്ക് ഹാജി | 2,00,000 | 2000 |
| 2 | വൗച്ചർ നമ്പർ 2/15-16<br>11.08.2015<br>കരിങ്കുറ്റി കമാരൻ ഇടവഴി കോൺക്രീറ്റിംഗ് | ശ്രീ. ടി എച്ച് ഇസ്ഹാക്ക് ഹാജി | 175,000 | 1750 |

| | | | | |
|---|---|---|---|---|
| | (ബഹു വർഷം)<br>പ്രോജ.നമ്പർ-S0032/2016 | | | |
| 3 | വൗച്ചർ നമ്പർ 3/15-16<br>11.08.2015<br>തടപറമ്പ് റോഡ് ടാറിംഗ്<br>പ്രോജ. നമ്പർ-S034/2016 | ശ്രീ. പി കെ അനൂപ് | 2,00,000 | 2000 |
| 4 | വൗച്ചർ നമ്പർ 4/15-16<br>11.08.2015<br>കിത്തറ കോളണി റോഡ്<br>കോൺക്രീറ്റിംഗ്<br>(ബഹു വർഷം)<br>പ്രോജ. നമ്പർ - S0035/2016 | ശ്രീ. പി കെ അനൂപ് | 2,00,000 | 2000 |
| 5 | വൗച്ചർ നമ്പർ 5/15-16<br>11.08.2015<br>കറ്റവഴി കൊങ്കട പാറ റോഡ് കോൺക്രീറ്റിംഗ്<br>(ബഹു വർഷം)<br>പ്രോജ. നമ്പർ - S0037/2016 | ശ്രീ.കെ സത്താർ | 2,00,000 | 2000 |
| 6 | വൗച്ചർ നമ്പർ 6/15-16<br>11.08.2015<br>എന്നകറവിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ്<br>(ബഹു വർഷം)<br>പ്രോജ. നമ്പർ - S0038/2016 | ശ്രീ.കെ സത്താർ | 2,00,000 | 2000 |
| 7 | വൗച്ചർ നമ്പർ 7/15-16<br>11.08.2015<br>മാടഞ്ചാൽ ഇടവഴി<br>കോൺക്രീറ്റിംഗ്<br>(ബഹു വർഷം)<br>പ്രോജ. നമ്പർ - S0039/2016 | ശ്രീ. ടി എച്ച് ഇസ്ഹാക്ക് ഹാജി | 1,00,000 | 1000 |
| 8 | വൗച്ചർ നമ്പർ 8/15-16<br>11.08.2015<br>തേക്കിൽ പള്ളി ഫുട്പാത്ത്<br>കോൺക്രീറ്റിംഗ്<br>പ്രോജ. നമ്പർ - S0043/2016 | ശ്രീ. മൂസകുട്ടി | 2,00,000 | 2000 |
| 9 | വൗച്ചർ നമ്പർ 9/15-16 | ശ്രീ. മൂസകുട്ടി | 2,00,000 | 6000 |

| | | | | |
|---|---|---|---|---|
| | 11.08.2015<br>പുത്തൻപറമ്പ് പാത്ത്‌വേ കോൺക്രീറ്റിംഗ്<br>പ്രോജ. നമ്പർ -S044/2016 | | | |
| 10 | വൗച്ചർ നമ്പർ 10/15-16<br>11.08.2015<br>ഐ.എസ്.എം മദ്രസ ഫൂട്പാത്ത് കോൺക്രീറ്റിംഗ്<br>പ്രോജ. നമ്പർ-S059/2016 | ശ്രീ. പി അബ്ദുറഹിമാൻ | 200,000 | 2000 |
| 11 | വൗച്ചർ നമ്പർ 11/15-16<br>11.08.2015<br>ആട്ടേങ്ങൽ പള്ളിയാലി റോഡ് പുനരുദ്ധാരണം<br>പ്രോജ. നമ്പർ -S063/2016 | ശ്രീ. സി റഷീദ് | 250,000 | 2500 |
| 12 | വൗച്ചർ നമ്പർ 27/15-16<br>11.08.2015<br>കുറ്റാളൂർ മദ്രസ റോഡ്<br>പുനരുദ്ധാരണം<br>പ്രോജ. നമ്പർ-S0064/16 | ശ്രീ. സി റഷീദ് | 150,000 | 1500 |
| 13 | വൗച്ചർ നമ്പർ 13/15-16<br>11.08.2015<br>മദ്രസ മഠം ഇടവഴി കോൺക്രീറ്റിംഗ്<br>പ്രോജ.നമ്പർ-S0065/2016 | ശ്രീ.വി കെ അമീറലി | 100,000 | 1000 |
| 14 | വൗച്ചർ നമ്പർ 14/15-16<br>11.08.2015<br>വലിയ വളപ്പ് റോഡ് ഇടവഴി കോൺക്രീറ്റിംഗ്<br>പ്രോജ. നമ്പർ -S066/2016 | ശ്രീ.വി കെ അമീറലി | 100,000 | 1000 |
| 15 | വൗച്ചർ നമ്പർ 15/15-16<br>11.08.2015<br>മദ്രസ ഫൂട്പാത്ത് കോൺക്രീറ്റിംഗ്<br>പ്രോജ.നമ്പർ-S0069/2016 | ശ്രീ. പി അബ്ദുറഹിമാൻ | 200,000 | 2000 |
| 16 | വൗച്ചർ നമ്പർ 16/15-16<br>11.08.2015<br>ആശാരി ഇടവഴി കോൺക്രീറ്റിംഗ്<br>പ്രോജ.നമ്പർ-S0077/2016 | ശ്രീ. ഷാനവാസ് ഇവി | 200,000 | 2000 |

| | | | | |
|---|---|---|---|---|
| 17 | വൗച്ചർ നമ്പർ 18/15-16<br>11.08.2015<br>ആലക്കപറമ്പ് -താണിക്കൽ റോഡ് ടാറിംഗ്<br>പ്രോജ. നമ്പർ - S0084/2016 | ശ്രീ. പി അബ്ദുറഹിമാൻ | 200,000 | 2000 |
| 18 | വൗച്ചർ നമ്പർ 27/15-16<br>30.09.2015<br>ചെറാട്ട് പറമ്പ് അംഗനവാടി ചുറ്റുമതിൽ<br>(ബഹുവർഷം)<br>പ്രോജ. നമ്പർ - S0029/2016 | ശ്രീ.മുഹമ്മദ് ശരീഫ് | 4,03,626 | 4036 |
| 19 | വൗച്ചർ നമ്പർ 28/15-16<br>30.09.2015<br>മമ്പീതി നെല്ലിപറമ്പ് റോഡ്<br>റീടാറിംഗ് പ്രവൃത്തി<br>(ബഹുവർഷം)<br>പ്രോജ. നമ്പർ-S0045/2016 | ശ്രീ.വി കെ അമീറലി | 7,62,000 | 7620 |
| 20 | വൗച്ചർ നമ്പർ 29/15-16<br>30.09.2015<br>മണ്ടോട്ടികടവ് റോഡ്<br>റീടാറിംഗ് (ബഹുവർഷം)<br>പ്രോജ. നമ്പർ - S0046/2016 | ശ്രീ. റഷീദ് സി | 3,70,000 | 3700 |
| 21 | വൗച്ചർ നമ്പർ 30/15-16<br>30.09.2015<br>ചൂക്കംപാറ പൂവ്വാട്ടിൽ റോഡ്<br>റീടാറിംഗ്<br>(ബഹുവർഷം)<br>പ്രോജ. നമ്പർ - S0047/2016 | ശ്രീ.പി കെ അനൂപ് | 3,32,000 | 3320 |
| 22 | വൗച്ചർ നമ്പർ 31/15-16<br>30.09.2015<br>മുണ്ടേങ്ങൽ പുറായി റോഡ് റിടാറിംഗ്<br>പ്രോജ. നമ്പർ - S0048/2016 | ശ്രീ.കെ സത്താറ് | 5,00,000 | 5000 |
| 23 | വൗച്ചർ നമ്പർ 32/15-16<br>30.09.2015<br>പടിഞ്ഞാറെ വട്ടപറമ്പ് റോഡ് റിടാറിംഗ് | ശ്രീ.കെ സത്താറ് | 2,23,000 | 2230 |

| | | | | |
|---|---|---|---|---|
| | പ്രോജ. നമ്പർ - S0049/2016 | | | |
| 24 | വൗച്ചർ നമ്പർ 33/15-16<br>30.09.2015<br>പുത്തൻപീടിക പിലാത്തോട് റോഡ് റീടാറിംഗ്<br>പ്രോജ. നമ്പർ - S0050/2016 | ശ്രീ.പി കെ അനൂപ് | 5,20,000 | 5200 |
| 25 | വൗച്ചർ നമ്പർ 34/15-16<br>30.09.2015<br>കാപ്പിൽകുണ്ട് റോഡ് റീടാറിംഗ്<br>പ്രോജ. നമ്പർ - S0051/2016 | ശ്രീ. കെ പി അബിദുള്ളകുട്ടി | 1,57,000 | 1570 |
| 26 | വൗച്ചർ നമ്പർ 35/15-16<br>30.09.2015<br>പെരുന്തോട്ടിപറമ്പ് റോഡ് റി ടാറിംഗ്<br>പ്രോജ. നമ്പർ - S0052/2016 | ശ്രീ. പി പി ഹരിദാസൻ | 150,000 | 1500 |
| 27 | വൗച്ചർ നമ്പർ 36/15-16<br>30.09.2015<br>കല്ലേറ്റിക്കൽ കോട്ടക്കൽ റോഡ് റി ടാറിംഗ്<br>പ്രോജ. നമ്പർ - S0053/2016 | ശ്രീ.സി മൂസകുട്ടി | 1,90,000 | 1900 |
| 28 | വൗച്ചർ നമ്പർ 37/15-16<br>30.09.2015<br>നായർമാട് വെങ്കുളം റോഡ് റി ടാറിംഗ്<br>പ്രോജ. നമ്പർ - S0054/2016 | ശ്രീ. ടി എച്ച് ഇസ്ഹാക്ക് ഹാജി | 4,55,000 | 4550 |
| 29 | വൗച്ചർ നമ്പർ 38/15-16<br>30.09.2015<br>അയനിക്കാട് റോഡ് റി ടാറിംഗ്<br>പ്രോജ. നമ്പർ - S0055/2016 | ശ്രീ. പി ടി ഹംസ് | 1,20,000 | 1200 |
| 30 | വൗച്ചർ നമ്പർ 39/15-16<br>30.09.2015<br>ഒകെ നഗർ മീഞ്ചിറ റോഡ് റി ടാറിംഗ്<br>പ്രോജ. നമ്പർ - S0056/2016 | ശ്രീ. പി അബ്ദു റഹിമാൻ | 2,50,000 | 2500 |

| | | | | |
|---|---|---|---|---|
| 31 | വൗച്ചർ നമ്പർ 40/15-16<br>30.09.2015<br>നെട്ടമ്പറമ്പ് ചേറൂർ റോഡ് റി ടാറിംഗ്<br>പ്രോജ. നമ്പർ - S0057/2016 | ശ്രീ. പി ഫക്രുദ്ധീൻ | 5,76,000 | 5760 |
| 32 | വൗച്ചർ നമ്പർ 41/15-16<br>30.09.2015<br>അപ്പായിപ്പാറ വില്ലേജ് റോഡ് റി ടാറിംഗ്<br>പ്രോജ. നമ്പർ - S0058/2016 | ശ്രീ. ടി എച്ച് ഇസ്ഹാഖ് ഹാജി | 5,97,113 | 5971 |
| 33 | വൗച്ചർ നമ്പർ 42/15-16<br>30.09.2015<br>കരിങ്കുറ്റി റോഡ് റി ടാറിംഗ്<br>പ്രോജ. നമ്പർ - S0060/2016 | ശ്രീ. ടി എച്ച് ഇസ്ഹാഖ് ഹാജി | 1,80,857 | 1809 |
| 34 | വൗച്ചർ നമ്പർ 43/15-16<br>30.09.2015<br>കാരാതോട് വട്ടപറമ്പ് റോഡ് റി ടാറിംഗ്<br>പ്രോജ. നമ്പർ - S0062/2016 | ശ്രീ. ഷാനവാസ് ഇവി | 2,95,000 | 2950 |
| 35 | വൗച്ചർ നമ്പർ 44/15-16<br>30.09.2015<br>സ്റ്റേഡിയം എം യു എച്ച് എസ് റോഡ് റി ടാറിംഗ്<br>പ്രോജ. നമ്പർ - S0070/2016 | ശ്രീ. ടി എച്ച് ഇസ്ഹാഖ് ഹാജി | 345000 | 3450 |
| 36 | വൗച്ചർ നമ്പർ 45/15-16<br>30.09.2015<br>ചക്കനാട്ട പറമ്പ് റോഡ് റി ടാറിംഗ്<br>പ്രോജ. നമ്പർ - S0071/2016 | ശ്രീ. ടി എച്ച് ഇസ്ഹാഖ് ഹാജി | 5,90,000 | 5900 |
| 37 | വൗച്ചർ നമ്പർ 46/15-16<br>30.09.2015<br>അത്താണി കുണ്ട് ചേലത്തൂർ റോഡ് റി ടാറിംഗ്<br>പ്രോജ. നമ്പർ - S0072/2016 | ശ്രീ. പി അബ്ദു റഹിമാൻ | 232000 | 2320 |
| 38 | വൗച്ചർ നമ്പർ 47/15-16<br>30.09.2015 | ശ്രീ. ടി എച്ച് ഇസ്ഹാഖ് ഹാജി | 180,000 | 1800 |

| | | | | |
|---|---|---|---|---|
| | കരിപ്പുറം റോഡ് റി ടാറിംഗ്<br>പ്രോജ. നമ്പർ - S0076/2016 | | | |
| 39 | വൗച്ചർ നമ്പർ 48/15-16<br>30.09.2015<br>കളെടത്ത് റോഡ് കോൺക്രീറ്റിംഗ<br>പ്രോജ. നമ്പർ - S0076/2016 | ശ്രീ. ആർ ടി ഹംസ | 90,000 | 900 |
| 40 | വൗച്ചർ നമ്പർ 49/15-16<br>30.09.2015<br>ജി എൽ പി എസ്. പഞ്ചായത്ത് പടി പുനരുദ്ധാരണം<br>പ്രോജ. നമ്പർ - S0089/2016 | ശ്രീ.കെ സത്താർ | 750,000 | 7500 |
| 41 | വൗച്ചർ നമ്പർ 54/15-16<br>06.11.2015<br>നെടുമ്പറമ്പ് മണ്ണിൽ റോഡ് ടാറിംഗ്<br>പ്രോജ. നമ്പർ - S0061/2016 | ശ്രീ. പി ഫക്രുദ്ധീൻ | 275,000 | 2750 |
| 42 | വൗച്ചർ നമ്പർ 57/15-16<br>06.11.2015<br>നെടുമ്പറമ്പ് കോളണി റോഡ് കോൺക്രീറ്റിംഗ്<br>പ്രോജ. നമ്പർ - S0095/2016 | ശ്രീ. പി ഫക്രുദ്ധീൻ | 700,000 | 7000 |
| 43 | വൗച്ചർ നമ്പർ 72/15-16<br>17.03.2016<br>വടക്കേക്കുണ്ട് റോഡ് റി ടാറിംഗ്<br>പ്രോജ. നമ്പർ - S0074/2016 | ശ്രീ. ടി എച്ച് ഇസ്ഹാഖ് ഹാജി | 240,000 | 2400 |
| 44 | വൗച്ചർ നമ്പർ 74/15-16<br>17.03.2016<br>ഒ കെ നഗർ മാലാപറമ്പ് റോഡ് റിടാറിംഗ്<br>പ്രോജ. നമ്പർ - S0075/2016 | ശ്രീ.കെ സത്താർ | 356,000 | 3560 |
| 45 | വൗച്ചർ നമ്പർ 75/15-16<br>17.03.2016<br>കിഴക്കേ വട്ടപറമ്പ് റോഡ് റിടാറിംഗ് | ശ്രീ.കെ സത്താർ | 850,000 | 8500 |

| | | | | |
|---|---|---|---|---|
| | പ്രോജ. നമ്പർ - S0078/2016 | | | |
| 46 | വൗച്ചർ നമ്പർ 90/15-16<br>19.03.2016<br>മുക്കിൽ കോളണി ഫുട്പാത്ത് കോൺക്രീറ്റിംഗ്<br>പ്രോജ. നമ്പർ - S0170/2016 | ശ്രീ.കെ സത്താർ | 5,00,000 | 5000 |
| | | | ആകെ | 137646 |

ആദായ നികുതി ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കാതെ കൺവീനർക്ക് അധികം നൽകിയത് ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്ന് ഈടാക്കി ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതാണ്.

## 3-7 അവസാന ബിൽ തുക നല്കിയപ്പോൾ കൺവീനറുടെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ചില്ല.

പ്രോജക്ട് നമ്പർ S0093/2016 കല്ലേങ്ങൽ പടി - കരിമ്പിലി റോഡ് ടാറിംഗ് പ്രവൃത്തിക്കായി (ബഹു വർഷം) 2014-15 ൽ തനത് ഫണ്ടിൽ നിന്ന് 75,000 രൂപയും 2015-16 ൽ 845,000 രൂപയും ചേർത്ത് ₹ 920,000 രൂപ വകയിരുത്തിയിരുന്നു. പദ്ധതിക്കായി വൗച്ചർ നമ്പർ 108/31.03.2016 പ്രകാരം 844178 രൂപ ചെലവഴിച്ചിട്ടുണ്ട്. കൺവീനർ വർക്കായ ടി പ്രവൃത്തിക്ക് 845,000 രൂപ (ടി എസ്. നമ്പർ - 710/14-15 AEE/വേങ്ങര/ 20.03.2015) സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. കൺവീനർ ശ്രീ. റഷീദ് ഹാജരാക്കിയ മിനട്സ് ബുക്കിൽ 708050/ രൂപയാണ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് ചെലവായി കാണിച്ചിരിക്കുന്നത്. എന്നാൽ താഴെ പറയും പ്രകാരം തുക മൂല്യ നിർണയം 8,44,178/- നടത്തി കൺവീനർക്ക് 788430 രൂപ നൽകിയിട്ടുണ്ട്. കൺവീനറുടെ ചെലവിൽ പരിമിതപ്പെടുത്തി തുക നൽകാത്തതിനാൽ പഞ്ചായത്തു ഫണ്ടിന് 80380/- രൂപ നഷ്ടമായി.

എം ബുക്ക് നമ്പർ - 78/14-15 പ്രകാരം ബിൽ തുക പാസ്സാക്കിയത് 7,96,394

(+) നികുതികൾ - 6 % - 47,784

മൂല്യ നിർണയ തുക - ₹ 844,178

കുറക്കണം

വാറ്റ് 5% - 39820

IT 1% - 7964

KCWWF 1% - 7964

കൺവീനർക്ക് നൽകിയത് – 788430

പ്രവൃത്തി ഏറ്റെടുത്ത് നടത്തിയതിന്ന് ചെലവു വന്ന യഥാർത്ഥ തുകക്ക് (₹7,08,050) പകരം ₹ 788430 രൂപ നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 04/09.12.2016) മറുപടിയായി 16.12.2016 ന് ടാർ വാങ്ങിയതിന്റെ ബില്ല് വെക്കാൻ തിരക്ക് മൂലം വിട്ടുപോയതാണെന്നും കൺവീനറുടെ വരവ് ചെലവ് കണക്കിൽ ടാറിന്റെ വില ഉൾപ്പെടുത്താൻ വിട്ടുപോയതാണന്നും രേഖകൾ സഹിതം മറുപടി ഹാജരാക്കി. ആയതിനൽ മറുപടി പരിഗണിക്കുന്നു. ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-8 എസ്.എസ്.എ പ്രോജക്ടിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉണ്ടാവുന്നില്ല; എസ്.എസ്.എ വിഹിതം ലക്ഷ്യം നിറവേറ്റുന്നില്ല.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 362/13 തി. 16.11.2013 പ്രകാരം എസ്.എസ്.എ.യും വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ പങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് തലത്തിലുള്ള പ്രോജക്ട് തയ്യാറാക്കേണ്ടത്. തയ്യാറാക്കുന്ന പ്രോജക്ട് ഭരണ സമിതി അംഗീകരിക്കുകയും, അംഗീകരിച്ച പ്രോജക്ട് പദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം എന്ന് വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഇതൊന്നും പാലിക്കാതെയാണ് 2015-16 വർഷത്തെ എസ്.എസ്.എ പ്രൊജക്ടിനുള്ള പഞ്ചായത്ത് വിഹിതം ഇനത്തിൽ ₹ 7,00,000/- എസ്.എസ്.എ മലപ്പുറം ജില്ലാ കോ ഓർഡിനേറ്റർക്ക് നൽകിയത് (S0147/16)

| പ്രൊജക്ട് | ചെലവ് | ബിൽ നമ്പർ |
|---|---|---|

| | | |
|---|---|---|
| SSA വിഹിതം നൽകൽ-പൊതുവിഭാഗം (147/16) | ₹ 7,00,000 | 2/15-16<br>തിയ്യതി 23.03.2016 |

2015-16 വർഷത്തിൽ താഴെ പറയുന്ന പ്രോജക്ടുകളും എച്ച്.എം നിർവഹണം നടത്തിയിട്ടുണ്ട്. ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ എസ്. എസ് .എ പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേരും നമ്പറും | ബിൽ നമ്പർ | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 19/16 ചങ്ങാതി പഠനവൈകല്യമുള്ള കുട്ടികൾക്ക് പരിശീലനം<br>(തനത് ഫണ്ട്) അടങ്കൽ : 260500<br>ചെലവ് : 217950<br>Spill Over (മുൻവർഷത്തെ പ്രോജക്ടിന്റെ തുടർച്ച) | ചെക്ക് നമ്പർ<br>(ഒ.എസ്.സി.ബി)<br>2866/<br>22.07.15 | 217950 | i-PERT Center for MENTAL HEALTH, നിലമ്പൂർ എന്ന സ്ഥാപനത്തിന് കുട്ടികളുടെ പഠനവൈകല്യം കണ്ടെത്തുന്നതിന് നൽകി .<br>1. പ്രോജക്ടിന്റെ മൊത്തം ചെലവിന്റെ 98.46 % ( ₹ 214600) തുകയും ഓണറേറിയം ഇനത്തിലാണ് നൽകിയിട്ടുള്ളത്.<br>2. അച്ചടി ഇനത്തിലെ ചെലവ് ₹ 3350 |
| 2 | 104/2016<br>എൽ എസ് എസ് /യു എസ് എസ് സ്കോളർഷിപ്പ്<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) അടങ്കൽ : 50000<br>ചെലവ് : 50000 | 06/15-16<br>30.03.16 | 50,000 | വിദ്യാർത്ഥികൾക്ക് LSS,USS പരിശീലനം നൽകിയതിന് അദ്ധ്യാപകർക്ക് ഓണറേറിയം ഇനത്തിൽ ₹39,000 + സ്റ്റേഷനറി സാധനങ്ങളിൽ വാങ്ങിയ ഇനത്തിൽ ₹ 11,000 |
| | | | 267950 | |

ജി ഒ (എം എസ്) 362/2013/ തസ്വഭവ തിയ്യതി 16.11.2013 പദ്ധതിആസൂത്രണവും സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ , ജി ഒ (എം എസ്) 225/2012തസ്വഭവ 18.08.12 പദ്ധതി ആസൂത്രണ മാർഗ്ഗരേഖ എന്നിവ പ്രകാരം വിദ്യാഭ്യാസ മേഖലയിൽ മുഴുവൻ സർക്കാർ സ്കൂളുകളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാണ് മുൻഗണന നൽകേണ്ടത്. പ്രൈമറി വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നനതിനും കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വികസിപ്പിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ എസ്. എസ് .എ നടപ്പിലാക്കി വരുന്നതിനാൽ ഇത്തരം പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കുന്നുണ്ടെങ്കിൽ ആവർത്തനം ഒഴിവാക്കുന്നതിന് ആയത് എസ്. എസ് .എ പ്രോജക്ടിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കേണ്ടത്. എന്നിരിക്കേ എസ്.എസ്.എ യും നിർവഹണ ഉദ്യോഗസ്ഥരും - ഭരണ സമിതിയും എസ്.എസ്.എ യുടെ പ്രോജക്ട് നടപ്പിലാക്കുന്ന കാര്യത്തിൽ തീരെ ശ്രദ്ധ പുലർത്തുന്നില്ല. ഏതെല്ലാം പ്രോജക്ടുകളാണ് എസ്.എസ്.എ നടത്തിയതെന്ന് നിർവഹണ ഉദ്യേഗസ്ഥന്റെയടുത്ത് ഒരു കണക്കുമില്ല. മുൻവർഷങ്ങളിൽ എസ്.എസ്.എ ക്ക് നൽകിയ വിഹിതം ചുവടെ ചേർക്കുന്നു.

| വർഷം | എസ്.എസ്.എ വിഹിതം |
|---|---|
| 2014-15 | ₹ 7,00,000 |
| 2013-14 | ₹ 10,00,000 |
| 2012-13 | ₹ 8,00,000 |

വർക്ക് പ്ലാൻ അതേ പോലെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നു പേരു മാറ്റിയാണ് ഫയലിൽ വെച്ചിട്ടുള്ളത്. എസ്.എസ്.എ കൈപ്പറ്റിയ തുകയുടെ വിശദമായ വിനിയോഗം സംബന്ധിച്ച വ്യക്തമായ വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.എ അധികാരികൾ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 08 – 09/12/2016) വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതനുസരിച്ച് ഹാജരാക്കുന്നതാണ് എന്നറിയിച്ചു. വിശദ വിവരങ്ങളടങ്ങിയ മലയാളത്തിലുള്ള വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.എ യിൽ നിന്ന് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 7 ലക്ഷം തടസ്സം ചെയ്യുന്നു. ഭരണ സമിതി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത പ്രൊജക്ക് (ക്രമ നമ്പർ 1) സർക്കാർ മുൻകൂർ അനുമതി വാങ്ങാതെ നടപ്പിലാക്കിയ മേൽ പദ്ധതികളുടെ ചെലവ് ₹ 267950 അംഗീകരിക്കുന്നില്ല. മാത്രമല്ല LSS/USS പരിശീലനം തെരെഞ്ഞെടുക്കപ്പെട്ട , പഠനത്തിൽ മുന്നാക്കം നിൽക്കുന്ന കുട്ടികൾക്കാണ് എന്നതിലേക്കും പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 3-9 പരിരക്ഷ - പാലിയേറ്റീവ് കെയർ പദ്ധതി ഓൺലൈൻ സംവിധാനം ഐ.കെ.എം ലഭ്യമാക്കിയില്ല.

പാലിയേറ്റീവ് പരിചരണത്തിനായി നിലവിലുണ്ടായിരുന്ന മാർഗ്ഗരേഖ റദ്ദാക്കിക്കൊണ്ട് 29-10-2015- ന് സ.ഉ(ആർ.ടി) 3217/15 /ത.സ്വ.ഭ.വ എന്ന നമ്പരിൽ സർക്കാർ പുതിയ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന പ്രോജക്റ്റ് നമ്പർ S0098/16' പരിരക്ഷ - പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട് പുതുക്കിയ മാർഗ്ഗരേഖ 2.6.3-(7) പ്രകാരം *ഓരോ ദിവസവും ഗൃഹസന്ദർശന നടന്ന കഴിഞ്ഞാൽ അന്നതന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ അനുബന്ധം 3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് പാലിയേറ്റീവ് കെയർ നഴ്സ് കംപ്യൂട്ടർ സോഫ്റ്റ്‌വെയർ മുഖേന അപ്‌ലോഡ് ചെയ്യേണ്ടതാണ്. അതിനാവശ്യമായ ഓൺലൈൻ സംവിധാനം ഐ.കെ.എം ലഭ്യമാക്കുന്നതാണ്. ആരോഗ്യസ്ഥാപനത്തിലേയോ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയോ കമ്പ്യൂട്ടർ സൗകര്യങ്ങൾ ഈ ആവശ്യത്തിനായി ഉപയോഗപ്പെടുത്താവുന്നതാണ്.* എന്നാൽ നാളിതു വരെ (19.12.2016 )ഇത്തരത്തിലുള്ള ഒരു ഓൺലൈൻ സംവിധാനം ഐ.കെ.എം ലഭ്യമാക്കിയിട്ടില്ല എന്നും പരിരക്ഷാ നഴ്സിനാവശ്യമായ ഓൺലൈൻ സംവിധാനം ലഭ്യമാക്കാൻ ഐ.കെ.എമ്മിനോട് ആവശ്യപ്പെട്ടുമെന്നും ഓഡിറ്റ് എൻക്വയറിക്ക് 9/14.12.2016 ന് മറുപടിയായി സെക്രട്ടറി അറിയിച്ചു. പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തിൽ സ.ഉ (ആർ ടി ) 1228/2016 തസ്വഭവ തീയ്യതി 08/03/2016പ്രകാരം ഐ കെ എമ്മിന് പ്രവർത്തന ഫണ്ട് വിഹിതം പ്രൊജക്ക് S00192 മുഖേന 37,275 രൂപ നൽകിയിട്ടുണ്ട്. പാലിയേറ്റീവ് കെയർ നഴ്സിന് ഗൃഹസന്ദർശന റിപ്പോർട്ട് ഓൺലൈനിലൂടെ അപ്‌ലോഡ് ചെയ്യാൻ ഉതകുന്ന ഓൺലൈൻ സംവിധാനം ലഭ്യമാക്കി കുറ്റമറ്റ രീതിയിൽ ഗൃഹസന്ദർന റിപ്പോർട്ട് ഓൺലൈനിലൂടെ രേഖപ്പെടുത്തേണ്ടതാണ്.

## 3-10 മരുന്നുകൾ മുഴുവനായും ലഭ്യമായില്ല

2015-16 സാമ്പത്തിക വർഷങ്ങളിൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ പദ്ധതിയിൽ മരുന്നുകൾ വാങ്ങുന്നതിനായി താഴെ പറയും പ്രകാരം തുക പിൻവലിച്ച് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. സപ്ലൈ ഓർഡർ നൽകിയതിനനുസരിച്ചുള്ള മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ, പേര് | തുക | ബിൽ നമ്പർ/തിയ്യതി | മരുന്ന് ലഭ്യമായത് | ബാക്കി |
|---|---|---|---|---|
| പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ (163/16) | 200000 | 6/15-16 / 21-03-2016 | 80739 | 119261 |
| ആകെ | 200,000 | | | 119261 |

എന്നാൽ 80,739 രൂപയുടെ മരുന്നുകൾ മാത്രമാണ് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്ന് ഇതുവരെ ലഭ്യമായത്. തുക മുൻകൂർ നൽകുന്ന സമയത്ത് കെ എം എസ് സി എല്ലുമായി കരാറുടമ്പടി വെക്കേണ്ടതാണ്. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നത് വരെ തുക 119261 തടസ്സം തടസ്സം ചെയ്യുന്നു.

## 3-11 പരിരക്ഷ- പാലിയേറ്റീവ് കെയർ പദ്ധതി മാർഗരേഖ പാലിക്കേണ്ടതാണ്.

പാലിയേറ്റീവ് പരിചരണത്തിനായി നിലവിലുണ്ടായിരുന്ന മാർഗ്ഗരേഖ റദ്ദാക്കിക്കൊണ്ട് 29-10-2015- ന് സ.ഉ(ആർ.ടി) 3217/15 /ത.സ്വ.ഭ.വ എന്ന നമ്പരിൽ സർക്കാർ പുതിയ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന പ്രോജക്റ്റ് നമ്പർ S0098/16' പരിരക്ഷ - പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട് പുതുക്കിയ മാർഗ്ഗരേഖ 2.5 പ്രാഥമിക പാലിയേറ്റീവ് സേവനം ലഭ്യമാക്കേണ്ടവരുടെ രജിസ്ട്രേഷൻ - ഉപ ഭാഗം 2.5.6 പ്രകാരം *"' ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനകം നോമിനൽ രജിസ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേരുവിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുന്ന കൂട്ടിചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ്സൈറ്റിലുള്ള ലിസ്ററിലും മാറ്റം വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്ററ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനു ശേഷം തുക ചിലവഴിക്കാൻ പാടില്ല."*

1. ബിൽ നമ്പർ 2/2015-16 തീയതി 21.03.2016 പ്രകാരം 108,134 രൂപയും ബിൽ നമ്പർ 4/2015-16 തീയതി 21.03.2016 പ്രകാരം 96,604 രൂപയും പാലിയേറ്റീവ് കെയർ പദ്ധതിയിലേക്കായി പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് ഗ്രാമ പഞ്ചായത്തിന്റെ

വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.

2. പുതുക്കിയ മാർഗ്ഗരേഖ 2.6.3-(7) പ്രകാരം ഓരോ ദിവസവും ഗൃഹസന്ദർശന നടന്നു കഴിഞ്ഞാൽ അന്നുതന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ അനുബന്ധം 3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് പാലിയേറ്റീവ് കെയർ നഴ്സ് കംപ്യൂട്ടർ സോഫ്റ്റ്‌വെയർ മുഖേന അപ്‌ലോഡ് ചെയ്യേണ്ടതാണ്. ആയത് ചെയ്യുന്നില്ല.

3- പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് പോകുന്നതിനായി ഒരു പാലിയേറ്റീവ് നിർവ്വഹണ കമ്മറ്റിയും (PIC) രൂപീകരിക്കേണ്ടതുണ്ട്. ആയത് രൂപീകരിച്ചിട്ടില്ല.

4. 23-08-12 -ലെ സ.ഉ (എം.എസ്)228/2012/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ ഫോൺ ചെലവുകൾ വഹിക്കാൻ അനുമതി നൽകുന്നുണ്ടെങ്കിലും പുതുക്കിയ മാർഗ്ഗരേഖയിൽ ഫോൺ ചെലവിനെക്കുറിച്ച് പരാമർശിച്ചിട്ടില്ല. നവംബർ 2015 മുതൽ മാർച്ച് 2016 വരെ 5 മാസത്തേക്ക് ഈ ഇനത്തിൽ നൽകിയ തുക 1700 രൂപയാണ്. തുക നൽകിയത് ക്രമപ്രകാരമല്ല. വിശദ വിശദാംശങ്ങൾ ചുവടെ

| ക്ര.ന | മാസം | നൽകിയ തുക | ബിൽ നമ്പർ |
|---|---|---|---|
| 1 | നവംബർ | 500 | 2/2015-16 തി: 21.03.2016 |
| 2 | ഡിസംബർ | 300 | 4/2015-16 തി: 21.03.2016 |
| 3 | ജനുവരി | 300 | 4/2015-16 തി: 21.03.2016 |
| 4 | ഫെബ്രുവരി | 300 | 4/2015-16 തി: 21.03.2016 |
| 5 | മാർച്ച് | 300 | 4/2015-16 തി: 21.03.2016 |
| | ആകെ | 1700 | |

5. 2015-16 സാമ്പത്തിക വർഷത്തെ പരിരക്ഷ പദ്ധതിയുടെ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം 10.03.2016 വരെ ഹോംകെയർ ടീം സന്ദർശനം നടത്തിയതിന്റെ ചെലവ് കാണിച്ചിട്ടുള്ളൂ. എന്നാൽ ഹോം കെയർ റിപ്പോർട്ട് ബുക്ക് പ്രകാരം 15.03.2016, 16.03.2016, 17.03.2016, 19.03.2016, 22.03.2016, 23.03.2016, 29.03.2016, 30.03.2016, 31.03.2016 തിയ്യതികളിൽ കൂടി ഹോം കെയർ ടീം ഗൃഹ സന്ദർശനം നടത്തിയിട്ടുണ്ട്. പ്രസ്തുത ദിവസങ്ങളിലെ ചെലവ് വഹിച്ചത് വരുന്ന വർഷത്തെ പ്രോജക്ടിലാണ്. ആയത് ശരിയായ നടപടിയല്ല. ഹോംകെയർ മുടക്കം കൂടാതെ സുഗമമായി നടക്കുന്നുണ്ടെന്ന് പി എം സി കൾ ഉറപ്പുവരുത്തേണ്ടതാണ്. ഭക്ഷണം, നഴ്സിനുള്ള ഓണറേറിയം, വാഹന വാടക മുതലായ ചെലവുകളുടെ പെയ്മെന്റ് കൃത്യമായി നൽകേണ്ടതാണ്. ഹോം കെയറിന്റെ വിജയത്തിന് അത്യാവശ്യമാണ്. ഓരോ മാസത്തെയും ഇത്തരം പെയ്മെന്റുകൾ അടുത്ത മാസം 10-)ം തിയതിക്കു മുമ്പായി നിർബന്ധമായും നൽകേണ്ടതാണ്.

6. പാലിയേറ്റീവ് കെയർ പ്രോജക്ടിന് വേണ്ടിയുള്ള എല്ലാ ചെലവുകളും (ഗൃഹ സന്ദർശനദിവസങ്ങളിൽ സന്നദ്ധ പ്രവർത്തകർക്കുള്ള ഭക്ഷണ ചെലവ് ഒഴികെ) ആർക്കാണോ തുക നൽകേണ്ടത്, ആ വ്യക്തിയുടെ / സ്ഥാപനത്തിന്റെ അക്കൌണ്ടിലേക്ക് നൽകുകയാണ് ചെയ്യേണ്ടത്. യാതൊരു കാരണവശാലും പണമായോ ,ചെക്കായോ, ഡിമാന്റ് ഡ്രാഫ്റ്റായോ തുക ചെലവഴിക്കാൻ പാടില്ല. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

> ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11 – 14/12/2016) മെഡിക്കൽ ഓഫീസർ നൽകിയ മറുപടിയിൽ രോഗികളുടെ പേര് വിവരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ ആവശ്യമായ നടപടികൾ കൈകൊണ്ടിട്ടുണ്ട് , ഓൺലൈനായി റിപ്പോർട്ട് തയ്യാറാക്കാൻ നഴ്സിനോട് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നും പാലിയേറ്റീവ് നിർവഹണ കമ്മിറ്റി രൂപീകരിക്കാൻ ആവശ്യമായത് സ്വീകരിക്കുമെന്നും , ഫോൺ അലവൻസ് നൽകിയത് മുൻ മാർഗരേഖ പ്രാകാരമാണെന്നും പുതിയ മാർഗരേഖ ശ്രദ്ധയിൽപ്പെടാത്തതിനാലാണ് ഫോൺ അലവൻസ് നൽകിയത് എന്നും പരിരക്ഷ പ്രോജക്ടിൽ ബ്ലോക്ക് ഫണ്ട് ലഭിക്കാത്തതിനാലാണ് മാർച്ചിലെ അവസാന ദിവസങ്ങളിലെ ചെലവ് വഹിക്കാൻ സാധിക്കാതെ അടുത്ത വർഷത്തേക്ക് ആയത് എന്നും പുതുക്കിയ മാർഗരേഖ പ്രകാരം ചെലവുകൾ വഹിക്കുവാൻ ശ്രദ്ധിക്കുമെന്നും അറിയിച്ചു. മറുപടി അംഗീകരിക്കുന്നു.

പരിരക്ഷാ പദ്ധതിക്ക് വേണ്ടി വിശദമായി പ്രൊജക്ട് തയ്യാറാക്കി ഓരോ വർഷവും വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്. സംയുക്ത പ്രോജക്ട് പാടില്ല. രജിസ്റ്റർ ചെയ്ത രോഗികൾക്ക് തുടർച്ചയായ പരിചരണം ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്. ആയതിനാൽ ഓരോ വർഷവും ഏപ്രിൽ മുതൽ തുടർന്ന് നടപ്പാക്കാവുന്നതും പ്രോജക്ടിന് അംഗീകാരം ലഭിച്ചില്ലെങ്കിൽ കൂടിയും താൽകാലികമായി തനത് ഫണ്ടിൽ നിന്ന് ചെലവ് വഹിച്ച് നടത്തേണ്ടതാണ്. ഇങ്ങനെ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക പിന്നീട് പ്രോജക്ടിന് അംഗീകാരം ലഭിച്ചാൽ തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ ആ വർഷത്തെ പ്രോജക്ട് തുക ബാക്കിയുണ്ടെങ്കിലും അവസാനിപ്പിക്കണം. സ്പിൽ ഓവർ പ്രോജക്ടായി തുടർന്ന് നടപ്പിലാക്കാൻ പാടില്ല. ഒരു വാർഷിക പദ്ധതിയിൽ ഒന്നിലധികം പാലിയേറ്റീവ് കെയർ പദ്ധതികൾ പാടില്ല, നടപ്പാക്കാനും പാടില്ല. ആരോഗ്യ രംഗത്ത് ഹോമിയോ – ആയുർവേദ ചികിത്സാ ആവശ്യമായ രോഗികൾക്ക് പി എച്ച് സി യുടെ പരിരക്ഷയുടെ ഭാഗമാക്കാവുന്നതാണ്. പ്രസ്തുത രോഗികൾക്ക് അതാത് ഡോക്ടർമാരുടെ

സേവനം ഗൃഹസന്ദർസന വേളയിൽ ഉറപ്പു വരുത്തേണ്ടതാണ്. അലോപ്പതി നിർവഹണ ഉദ്യോഗസ്ഥൻ തന്നെയായിരിക്കണം ഇതിന്റെയും നിർവഹണ ഉദ്യോഗസ്ഥൻ. അനുവദനീയമായ ചെലവുകൾ വഹിക്കുവാൻ വികസന ഫണ്ട്/ തനത് ഫണ്ട്/ ജനറൽ പർപ്പസ് ഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണ്. എല്ലാ ചെലവുകളും (ഗൃഹ സന്ദർശനദിവസങ്ങളിൽ സന്നദ്ധ പ്രവർത്തകർക്കുള്ള ഭക്ഷണ ചെലവ് ഒഴികെ) ആർക്കാണോ തുക നൽകേണ്ടത്, ആ വ്യക്തിയുടെ / സ്ഥാപനത്തിന്റെ ബാങ്ക് അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യപ്പെട്ട രോഗികൾക്കും അവരുടെ കുടംബങ്ങൾക്കും വേണ്ടി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. അതിന്റെ ഭാഗമായി രോഗികളുടേയും കുടുംബങ്ങളുടേയും ഹോംകെയർ ടീമിൽ അംഗങ്ങളായി പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരുടേയും വാർഷിക സംഗമം വിളിച്ചു ചേർക്കാവുന്നതാണ്. സംഗമം ആർഭാട രഹിതമായി സംഘടിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇങ്ങനെ സംഘടിപ്പിക്കുന്ന സംഗമങ്ങളിൽ പങ്കെടുക്കുന്ന ഓരോരുത്തർക്കും ഭക്ഷണ ചെലവിലേക്കായി പരമാവധി 60 രൂപ വീതം ചെലവഴിക്കാവുന്നതാണ്. കൂടാതെ സംഗമ നടത്തിപ്പിന്റെ മറ്റ് ചെലവുകൾക്കായി പരമാവധി 3000 രൂപയും ചെലവഴിക്കാവുന്നതാണ്. കൂടുതൽ തുക വേണ്ടി വരുകയാണങ്കിൽ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തേണ്ടതാണ്. പുതുക്കിയ മാർഗ രേഖ (സ.ഉ(ആർ.ടി) 3217/15 ത.സ്വ.ഭ.വ 29-10-2015) പാലിച്ചു കൊണ്ട് പരിരക്ഷാ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കേണ്ടതാണ്.

## 3-12 ന്യൂട്രിമിക്സ് സാമ്പിളുകൾ ലാബ് പരിശോധന നടത്തിയിട്ടില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്റ്റ് നം. S0011/16- അംഗനവാടി പോഷകാഹാര പരിപാടിയുടെ ഭാഗമായി 6 മാസം മുതൽ 3 വയസു വരെ പ്രായമുള്ള കുട്ടികൾക്ക് ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം വിതരണം ചെയ്തിട്ടുണ്ട്. മൂർക്കനാട് ഗ്രാമ പഞ്ചായത്തിലെ പൂർണേന്ദു മാനസി ന്യൂട്രിമിക്സ് എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നാണ് അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./തിയതി | തൂക്കം (കി.ഗ്രാം) | വില (ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ) | ട്രഷറി ബിൽ / DD നം./ തിയതി |
|---|---|---|---|---|
| 1 | 128/ 18.04.15 | 1373 | 77574 | 136949/ 30.06.15 |
| 2 | 131/ 15.05.15 | 1173.500 | 66302 | |
| 3 | 135/ 15.06.15 | 1198 | 67687 | 3/15-16 / 01.10.15 |
| 4 | 138/ 06.07.15 | 1166 | 65879 | |
| 5 | 142/ 04.08.15 | 1247.500 | 70483 | |
| 6 | 146/ 22.09.15 | 1186.500 | 67037 | |
| 7 | 149/ 16.10.15 | 1074 | 60681 | 6/15-16 / 19.01.16 |
| 8 | 151/ 09.11.15 | 1260 | 71190 | |
| 9 | 157/ 08.12.15 | 1497.500 | 84586 | |
| 10 | 159/ 22.01.16 | 1549.500 | 87547 | 9/15-16 / 19.03.16 |
| 11 | 161/ 06.02.16 | 1268 | 71642 | |
| 12 | 166/ 15.03.16 | 89.500 | 5057 | |
| 13 | 165/ 14.03.16 | 1493 | 84354 | 052708/ 29.03.16 |
| | ആകെ | | 880019 രൂപ | |

കുടുംബശ്രീ യൂണിറ്റുകൾ അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ഗവൺമെന്റ് അംഗീകൃത ഫുഡ് ടെസ്റ്റ് ലാബുകളിൽ ഗുണമേൻമ പരിശോധനക്ക് വിധേയമാക്കാനും ഗുണമേൻമ തൃപ്തികരമല്ല എന്ന റിപ്പോർട്ട് ലഭ്യമാകുന്ന പക്ഷം പ്രസ്തുത ബാച്ച് ന്യൂട്രിമിക്സിന്റെ വില കുടുംബശ്രീ യൂണിറ്റിന് നൽകേണ്ടതില്ലെന്നും സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 12.07.2011ലെ ഐ.സി.ഡി.എസ് ബി 3- 6136/11 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം പരിശോധനകൾ നടത്തിയിട്ടില്ല. ഭക്ഷ്യമിശ്രിതത്തിന്റെ ഗുണമേൻമ വിലയിരുത്താതെ വിതരണം ചെയ്തത് ഓഡിറ്റ് ഗൗരവത്തോടെ കാണുന്നു. ഈ അപാകതക്ക് വിശദീകരണം നൽകേണ്ടതും ഭാവിയിൽ ഭക്ഷ്യമിശ്രിതത്തിന്റെ ഗുണമേൻമ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

## 3-13 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാക്കിയില്ല.

കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ട് നം. S 0002/16 മുഖേന 39 കർഷകർക്ക് നെൽകൃഷിക്ക് കൂലിച്ചെലവിനുള്ള ധനസഹായം നൽകിയിട്ടുണ്ട്. അംഗീകൃത പ്രോജക്ട് പ്രകാരം ഇതിന് വകയിരുത്തിയത് വികസന ഫണ്ട് 72,000 രൂപയും നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം 1,20,000 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 18,000 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 30,000 രൂപയും ഉൾപ്പെടെ ആകെ 2,40,000 രൂപയാണ്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗരേഖയായ ജി.ഒ.(എം.എസ്) 362/2013/തസ്വഭവ തിയതി : 16.11.13 നമ്പർ ഉത്തരവിൽ, നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി നൽകുന്നതിന് വേണ്ട തുക ഗ്രാമ – ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾ 60 : 15 : 25 എന്ന അനുപാതത്തിൽ വകയിരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഈ അനുപാതത്തിൽ തുക വകയിരുത്തിയെങ്കിലും ജില്ലാ പഞ്ചായത്തിൽ നിന്ന് തുകയൊന്നും ലഭിച്ചില്ല. കർഷകർക്ക് ഗ്രാമ പഞ്ചായത്ത് വിഹിതം 72,000 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 18,000 രൂപയുമാണ് നൽകിയത്.

ഇത്തരത്തിലുള്ള സംയുക്ത പ്രോജക്ടുകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിലെ ഖണ്ഡിക 11.13(viii) ൽ പ്രസ്താവിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. പ്രോജക്ട് നിർവഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-14 വീട്ടുപണി പൂർത്തിയാക്കിയില്ല

വി ഇ ഒ നിർവഹണം നടത്തിയ പ്രോജക്ട് നമ്പർ S0020/16 – ഭവന നിർമാണം (ജനറൽ) പ്രോജക്ട് മുഖേന 60 ഗുണഭോക്താക്കൾക്ക് വീട് നിർമാണത്തിന് 2 ലക്ഷം രൂപ വീതം ധനസഹായം നൽകാൻ ലക്ഷ്യമിട്ടിരുന്നു. 2014-15 ൽ 53,45,000 രൂപയും , 2015-16 ൽ 66,55,000 രൂപയും വകയിരുത്തിയ ബഹുവർഷ പ്രോജക്ടാണിത് . പ്രോജക്ട് മുഖേന ഏതാനും ഗഡു ധനസഹായം കൈപറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെയും വീട്ടു പണി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | ആകെ കൈപറ്റിയ തുക (രൂപയിൽ) |
|---|---|---|
| 1 | ശ്രീമതി മിനി<br>W/o സുരേഷ് കല്ലേങ്ങൽ , കുറ്റാളൂർ | 1,80,000 |
| 2 | ശ്രീമതി. ജലജ W/o പുഷ്പരാജൻ<br>നെല്ലിപ്പറമ്പ് | 1,79,756 |
| 3 | ശ്രീമതി ആസ്യ W/o ഫക്രുദ്ദീൻ അലി ബാവ<br>ഒ കെ എം നഗർ | 1,75,000 |
| 4 | ശ്രീമതി രജനി W/o ബാലകൃഷ്ണൻ<br>ഊരകം കീഴ്മുറി | 1,80,000 |
| 5 | ശ്രീമതി നഫീസ W/o മുഹമ്മദ് കുട്ടി<br>ഇരുകുളങ്ങര ഹൗസ് , നെല്ലിപ്പറമ്പ് | 1,75,000 |
| 6 | ശ്രീമതി കദീജ D/o അഹമ്മദ്<br>കണ്ണൻതൊടി , വെങ്കുളം | 1 ,80,000 |
| 7 | ശ്രീമതി ഫാത്തിമ W/o മൊയ്തീൻ<br>ഞാറപ്പുലാൻ , ഊരകം കീഴ്മുറി | 1 ,80,000 |
| 8 | ശ്രീമതി പാത്തുമ്മു കെ W/o അബ്ദുൽ കരീം<br>കോട്ടുമല, | 1 ,80,000 |
| 9 | ശ്രീമതി ബീപാത്തു സി പി W/o മൊയ്തീൻകുട്ടി<br>ചൂണ്ടയിൽ , കിഴക്കേ വട്ടപറമ്പ് | 1 ,80,000 |
| 10 | ശ്രീമതി സുലൈഖ W/o ഉസ്മാൻ | 1 ,80,000 |

| | | |
|---|---|---|
| | കളത്തിങ്ങൽ , കോട്ടുമല | |
| 11 | ശ്രീമതി തസ്‌ലീന W/o ജാബിർ തയ്യിൽതൊടി കാരത്തോട് | 1 ,83,000 |

മേൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് വീട് പണി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകേണ്ടതും പണി പൂർത്തീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 25,000 | വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 25,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 80,000 | പരിരക്ഷ | 0 | 80,000 |
| ബ്ലോക്ക് പഞ്ചായത്ത് | 97562 | പ്രതീക്ഷ | 97562 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 75,000 | വികലാംഗർക്ക് ഉപകരണം നൽകൽ | 0 | 75,000 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ. വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2015-16 വർഷത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ ന | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം. ഖണ്ഡിക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | ഈടാക്കിയ തുക | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|---|
| 1 | 2011-2012, 2012-2013 | 2.1 | കരിമ്പൻ മൊയ്തു | 270 | 11501101267 തി: 26/5/2015 |
| 2 | 2011-2012, 2012-2013 | 3.14 | വേണുഗോപാൽ എ കോൺട്രാക്ടർ | 3700 | 11501101498 തി: 11/6/2015 |
| 3 | 2011-2012, 2012-2013 | 3.8 | കേരള വാട്ടർ അതോറിറ്റി | 3,41,426 | 1501500002 തി: 29/6/2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 49 | 2004-05 | 49 | | |
| 2008-09 | 3.27 | 2011-12 | 3.27 | റോഡ് അവലോകനം | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2015-16 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,70,13,172 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,48,89,641 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം. ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 267950 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 819261 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-8 | | 267950 | ശ്രീമതി. ജാൻസി സെബാസ്റ്റ്യൻ. ഹെഡ് മിസ്ട്രസ് |
| ആകെ | | 267950 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 700,000 | ശ്രീമതി. ജാൻസി സെബാസ്ററ്യൻ ഹെഡ്മിസ്ട്രസ്സ് |
| 3-10 | 119261 | ഡോ. ഹഫീസു റഹ്മാൻ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 8,19,261 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 137646 (IT) | ശ്രീ. ശശിധരൻ നായർ,<br>അസി. എഞ്ചിനിയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ജാൻസി സെബാസ്റ്റ്യൻ ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ് GMLPS മേൽമുറി സെൻട്രൽ | ഹണി ഡ്യൂ ഡൗൺഹിൽ (പി.ഒ) മലപ്പുറം 676519 |
| ശ്രീ. ശശിധരൻ നായർ, അസി. എഞ്ചിനിയർ | അസി. എഞ്ചിനിയർ ഊരകം ഗ്രാമപഞ്ചായത്ത് | കൃഷ്ണശ്രീ അമ്പാടി നഗർ ശ്രീകാര്യം പി.ഒ തിരുവനന്തപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1983-84 | എൽ.എഫ്.എം10/369/88 തിയ്യതി.7.10.10 | 3 | |
| 1987-88, 1988-89 | എൽ.എഫ്.എം1448/95 തിയ്യതി.7.10.10 | 5 | |
| 1992-93 1993-94 | എൽ.എഫ്.എം7/579/96 തിയ്യതി.7.10.10 | 7 | |
| 1994-95 1995-96 | എൽ.എഫ്.എം/14/50602 തിയ്യതി.7.10.10 | 15 | |
| 1996-97 | എൽ.എഫ്.എം14/1199/02.(1) തിയ്യതി.7.10.10 | 15 | |
| 1997-98 | എൽ.എഫ്.എം14/1199/02(2) തിയ്യതി.7.10.10 | 18 | |
| 1998-99 | എൽ.എഫ്.എം17/789/05 തിയ്യതി.7.10.10 | 35 | |
| 1999-00 | എൽ.എഫ്.എം17/789/05 തിയ്യതി.7.10.10 | 35 | |
| 2000-01 | എൽ.എഫ്.എം8/257/07 തിയ്യതി.7.10.10 | 55 | |
| 2001-02 | എൽ.എഫ്.എം8/1404/07 തിയ്യതി.7.10.10 | 14 | |
| 2002-03 | എൽ.എഫ്.എം8/1405/07 തിയ്യതി.7.10.10 | 19 | |
| 2003-04 | എൽ.എഫ്.എം8/1406/07 തിയ്യതി.7.10.10 | 14 | |
| 2004-05 | എൽ.എഫ്.എം8/1407/07 തിയ്യതി.7.10.10 | 18 | |

| | | | |
|---|---|---|---|
| 2005-06 | എൽ.എഫ്.എം8/1408/07 തിയ്യതി.7.10.10 | 9 | |
| 2006-07 | എൽ.എഫ്.എം10/1291/08 തിയ്യതി.30.9.08 | 4 | |
| 2007-08 | KSAMPM11/2474/15 തിയ്യതി.10.1.11 | 7 | |
| 2008-09 | എൽ.എഫ്.എം10/2050/10 തിയ്യതി.19.1.11 | 11 | |
| 2009-10,2010-11 | എൽ.എഫ്.എം11/776/13 തിയ്യതി.7.9.15 | 24 | |
| 2011-12,2012-13 | നം കെ എസ് എ എം പി എം11/694/15തിയ്യതി.5.2.16 | 8 | |
| 2013-14,2014-15 | നം കെ എസ് എ എം പി എം 27/ 1870/ 2016 തീയ്യതി 26/07/2016 | 26 | |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.എം.പി.എം 27/3396/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ - 676 505, ഫോൺ : 0483 2734951

ഇ- മെയിൽ: dompm.ksad@kerala.gov.in

തിയ്യതി : 07.02.2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഊരകം ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
മലപ്പുറം.

mac

## അനുബന്ധം-2

# AUDIT CERTIFICATE

No.KSA/MPM/27/3396/2016

Kerala State Audit Department

District office ,Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date:07.02.2017

Certified that I have audited the Annual Financial Statement of Oorakam Grama panchayath in Malappuram District of the year ended on 31.3.2016 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Oorakam Grama panchayath for the year 2015-16 except the observations in My audit report properly presents the picture of income and expenditure.

Deputy Director

State Audit Department

Malappuram